# കളിപ്പാട്ടം

**അനുബന്ധം**

## കളിത്തോണി (3+)

പ്രവർത്തന കാർഡുകളുടെ വിനിമയസഹായി


**കേരളസർക്കാർ**

**വിദ്യാഭ്യാസവകുപ്പ്**

*തയാറാക്കിയത്*

**സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി** (SCERT)

**വിദ്യാഭവൻ, പൂജപ്പുര, തിരുവനന്തപുരം 695 012**

Phone: 0471 - 2341883, 2340323, e-mail: scertkerala@gmail.com

*Prepared by:*
State Council of Educational Research & Training (SCERT)
Poojappura, Thiruvananthapuram -12, Kerala. E-
mail:scertkerala@gmail.com

*Type setting by:*
SCERT Computer Lab.

©
Government of Kerala
Education Department
2018

# അധ്യാപകരോട്

കളികളിലൂടെയും മൂർത്തവും പരിചിതവുമായ വസ്തുക്കളെയും സംഭവങ്ങളെയും അടിസ്ഥാനമാക്കി ലഭിക്കുന്ന അനുഭവങ്ങളിലൂടെയും ശേഷികളും മൂല്യങ്ങളും വികസിപ്പിക്കുന്നതിനാണ് പ്രീസ്കൂളിൽ ഊന്നൽ നൽകേണ്ടത്.

കുട്ടികളിലെ വ്യക്തിവ്യത്യാസം, സാമൂഹിക സംസ്കാരിക ചുറ്റുപാടുകളിലെ അന്തരം, സമൂഹത്തിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന മാറ്റങ്ങൾ എന്നിവ പരിഗണിച്ചുകൊണ്ടാണ് സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി പ്രീസ്കൂൾ പാഠ്യപദ്ധതിയും പ്രീസ്കൂൾ അധ്യാപകസഹായി 'കളിപ്പാട്ട'വും തയ്യാറാക്കിയിട്ടുള്ളത്.

ശാരീരിക ചാലകവികാസം, ഭാഷാവികാസം, വൈജ്ഞാനികവികാസം, സാമൂഹിക വൈകാരികവികാസം, സർഗാത്മക-സൗന്ദര്യാത്മകവികാസം തുടങ്ങിയ അഞ്ച് വികാസമേഖലകളിലായി 86 ശേഷികൾ നാലുവയസ്സു കഴിയുമ്പോഴേക്കും കുട്ടി നേടിയിരിക്കണം എന്ന ലക്ഷ്യത്തോടെയാണ് പ്രീസ്കൂൾ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തിരിക്കുന്നത്. ശേഷികൾ വളർത്തുന്നതിനായി കുട്ടിയുടെ പരിചിത പരിസരവുമായി ബന്ധപ്പെട്ട 30 തീമുകളെ അടിസ്ഥാനമാക്കി പ്രവർത്തനാനുഭവങ്ങൾ അധ്യാപിക ഒരുക്കേണ്ടതുണ്ട്. ക്ലാസ് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിനുള്ള സഹായകസാമഗ്രിയായിട്ടാണ് 'കളിപ്പാട്ടം' എന്ന പ്രീസ്കൂൾ അധ്യാപകസഹായി തയ്യാറാക്കിയിട്ടുള്ളത്.

പ്രീസ്കൂൾ പാഠ്യപദ്ധതിയുടെയും അധ്യാപകസഹായി 'കളിപ്പാട്ട'ത്തിന്റെയും അടിസ്ഥാനത്തിൽ പ്രീസ്കൂൾ കുട്ടികൾക്കായി ($3^+$, $4^+$) തയാറാക്കിയിട്ടുള്ളതാണ് 'കളിത്തോണി' എന്ന പേരിലുള്ള പ്രവർത്തനകാർഡുകൾ. ക്ലാസ്മുറിയിൽ ഈ കാർഡുകൾ വിനിമയം ചെയ്യുന്നതിനുള്ള സഹായക സാമിഗ്രിയാണ് ഈ കൈപുസ്തകം. സ്വയം പ്രവർത്തനങ്ങൾ രൂപപ്പെടുത്തുന്നതിനും പ്രവർത്തനകാർഡുകൾ വികസിപ്പിക്കുന്നതിനും അധ്യാപികയ്ക്ക് സ്വാതന്ത്ര്യമുണ്ട്. ഈ കൈപുസ്തകം ഫലപ്രദമായി പ്രയോജനപ്പെടുത്തുമല്ലോ.

ആശംസകളോടെ,

**ഡോ.ജെ.പ്രസാദ്**

ഡയറക്ടർ

# കളിത്തോണി (വർക്ക്ഷീറ്റ്) ഉപയോഗിക്കുമ്പോൾ

തീമുകളിലെ ആശയങ്ങളുടെ വിനിമയത്തിന്റെ പ്രാരംഭമായോ, കുട്ടിയുടെ ചിന്താശേഷി, സർഗാത്മകത എന്നിവയെ ഉണർത്തുന്നവയായോ, തീമുകളുടെ വിനിമയശേഷമുള്ള കുട്ടിയുടെ ധാരണ പ്രകടിപ്പിക്കുന്നതിനായോ വർക്ക് ഷീറ്റുകൾ ഉപയോഗിക്കാവുന്നതാണ്. വിവിധ തീമുകളുമായി ബന്ധപ്പെടുത്തി നിശ്ചിതശേഷികളുടെ വികാസത്തിനായി നൽകുന്ന അനുഭവ പ്രവർത്തനങ്ങളുടെ തുടർച്ചയായോ, പൂർത്തീകരണമായോ, വിലയിരുത്തലായോ ഉപയോഗിക്കാവുന്നവയുമാണ് വർക്ക് ഷീറ്റുകൾ. ചില സാധ്യതകൾ ചുവടെ നൽകുന്നു.

* **തീം പ്രവർത്തനങ്ങൾ → വർക്ക്ഷീറ്റ് → തീം പ്രവർത്തനങ്ങൾ**

തീമുമായി ബന്ധിപ്പിച്ച് അനുഭവങ്ങൾ നൽകുന്നതിന്റെ തുടർച്ചയായി സ്വാഭാവികതയോടെ വർക്ക് ഷീറ്റുകൾ നൽകി തുടർന്ന് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാം.

* **വർക്ക് ഷീറ്റ് + തീം പ്രവർത്തനങ്ങൾ → തീം പ്രവർത്തനങ്ങൾ → വർക്ക് ഷീറ്റ് → തീം പ്രവർത്തനങ്ങൾ**

വർക്ക് ഷീറ്റ് പ്രവർത്തനമായി തന്നെ നൽകുകയും അതുമായി സ്വാഭാവികമായി കണ്ണിചേർത്ത് മറ്റ് പ്രവർത്തനങ്ങൾ നൽകുകയും ചെയ്യാം.

- ഒരു അനുഭവസാമഗ്രിയായി വർക്ക് ഷീറ്റുകൾ പ്രയോജനപ്പെടുത്തുകയാവാം.
- കുട്ടിയുടെ വർക്ക്ഷീറ്റുകളെ പരസ്പരം ബന്ധപ്പെടുത്തി വിശകലനം ചെയ്യാനും വികാസമേഖലയിലുള്ള വളർച്ച തിരിച്ചറിയാനും കഴിയുന്നവിധത്തിൽ വർക്ക്ഷീറ്റുകൾ പ്രയോജനപ്പെടുത്താം. ഒരു കുട്ടിയുടെ തന്നെ തുടർച്ചയായ പ്രവർത്തനങ്ങളിലുള്ള മാറ്റമാണ് വിലയിരുത്തേണ്ടത്.
- കുട്ടി ഏർപ്പെടുന്ന പ്രവർത്തനങ്ങളിലെ പ്രക്രിയ അധ്യാപിക നിരീക്ഷിച്ചുകൊണ്ടിരിക്കേണ്ടതാണ്.
- വ്യത്യസ്ത കുട്ടികളുടെ വർക്ക്ഷീറ്റുകൾ തമ്മിൽ താരതമ്യപ്പെടുത്താൻ പാടില്ല.
- ഓരോ കുട്ടിയുടെയും വികാസഘട്ടങ്ങളിലുള്ള വേഗത വ്യത്യസ്തമാണ്. അതിനാൽ കുട്ടികളുടെ പ്രകടനങ്ങളെ തമ്മിൽ താരതമ്യപ്പെടുത്താൻ പാടില്ല.
- ലഭ്യമായിരിക്കുന്ന വർക്ക്ഷീറ്റുകളുടെ തുടർച്ചയായോ അതിന്റെ അനുബന്ധമായോ പുതിയ വർക്ക്ഷീറ്റുകൾ വികസിപ്പിക്കുന്നതിന് അധ്യാപികയ്ക്ക് സ്വാതന്ത്ര്യമുണ്ട്.
- കുട്ടി വർക്ക്ഷീറ്റുകൾ ചെയ്തു കഴിഞ്ഞാൽ അതിന്റെ സൂക്ഷിപ്പ്, പുനരുപയോഗം എന്നിവയെപ്പറ്റി വ്യക്തമായ ധാരണ അധ്യാപികയ്ക്ക് ഉണ്ടായിരിക്കണം. പൂർത്തിയാക്കപ്പെട്ട വർക്ക്ഷീറ്റുകൾ പോർട്ട് ഫോളിയോയിൽ സൂക്ഷിക്കേണ്ടതാണ്.

വർക്ക് ഷീറ്റിനെ ഔപചാരികപഠനത്തിന്റെ രീതിയിൽ സമീപിക്കരുത്.

## വർക്ക് ഷീറ്റുകൾ – പ്രവർത്തനങ്ങൾ

**വിവിധ വികാസമേഖലകൾക്ക് പ്രാധാന്യം നൽകുന്ന വർക്ക് ഷീറ്റുകളാണ് നൽകിയിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ നൽകുന്നു.**

### 1. ശാരീരിക ചാലക വികാസം

സൂക്ഷ്മപേശീവികാസത്തിനുവേണ്ടി മിക്കവാറും എല്ലാ വർക്ക്ഷീറ്റുകളിലും സാധ്യതകൾ ഒരുക്കിയിട്ടുണ്ട്. ചിത്രം വര, നിറം നൽകൽ, നിർമാണം എന്നിവ ഈ വികാസ മേഖലകൾക്ക് ഊന്നൽ നൽകുന്നവയാണ്. വരച്ചുയോജിപ്പിക്കൽ, വട്ടമിടൽ, പ്രാഗ്ലേഖന പ്രവർത്തനങ്ങൾ എന്നിവ ചെയ്യുമ്പോഴും പേശീവഴക്കം ഉണ്ടാവുന്നുണ്ട്. കീറൽ, മുറിക്കൽ, ഒട്ടിക്കൽ തുടങ്ങിയ അനുഭവങ്ങളിലൂടെയും സൂക്ഷ്മപേശികളുടെ വികാസം സാധ്യമാവുന്നു.

3+ പ്രായത്തിലുള്ള കുട്ടികൾക്ക് സൂക്ഷ്മപേശികളുടെ വഴക്കം കുറവായിരിക്കും. അതിനാൽ അവർക്ക് ചെയ്യാൻ കഴിയുന്ന കുഞ്ഞു കുഞ്ഞു പ്രവർത്തനങ്ങളാണ് 'കളിത്തോണി' യിൽ നിർദേശിച്ചിട്ടുള്ളത്. ഇതു കൂടാതെ സ്ഥൂലപേശീവികാസത്തിനായി ഓട്ടം, ചാട്ടം, പടികൾ കയറിയിറങ്ങൽ, ഇഴയൽ തുടങ്ങി ഒട്ടേറെ അനുഭവപ്രവർത്തനങ്ങൾ ക്ലാസ് മുറിയിൽ ഒരുക്കേണ്ടതുണ്ട്.

4+ കുട്ടികൾക്ക് കുറച്ചുകൂടി സൂക്ഷ്മത ആവശ്യമുള്ള പ്രവർത്തനങ്ങൾ നൽകിയിട്ടുണ്ട്. ഉദാഹരണമായി കത്രിക ഉപയോഗിച്ചു കൃത്യമായി മുറിച്ചെടുക്കാനുള്ള പരിശീലനം. ഇതിനായി ശിശു സുരക്ഷിതമായ (Child Safe) കത്രികകൾ ഉപയോഗിക്കുന്നതാണ് നല്ലത്. കുത്തുകളിലൂടെ വരച്ച് ചിത്രം പൂർത്തിയാക്കൽ മറ്റൊരു പ്രവർത്തനമാണ്. ഒന്നാം തരത്തിൽ കുട്ടിക്ക് അക്ഷരങ്ങളും പദങ്ങളും വാക്യങ്ങളുമെല്ലാം എഴുതേണ്ടതുണ്ട്. അതിനാൽ 4+ ൽ വെച്ച് പ്രാഗ്ലേഖന പ്രവർത്തനങ്ങൾ ധാരാളമായി നൽകണം.

### 2. ഭാഷാവികാസം

ഭാഷണത്തിനാണ് പ്രീസ്കൂൾ കാലഘട്ടത്തിൽ ഏറെ പ്രാധാന്യമുള്ളത്. സങ്കോചവും ഭയവുമില്ലാതെ സംസാരിക്കാൻ കഴിയുന്നതിന് കുട്ടികളെ പ്രാപ്തരാക്കാനാണ് നാം ശ്രമിക്കേണ്ടത്. ഇതിന് എല്ലാ വർക്ക്ഷീറ്റുകളിലും അവസരമുണ്ട്.

ചിത്രവായന, പ്രകൃതിനടത്തം, പാവകളി, റോൾപ്ലേ, കളികൾ, മറ്റ് അനുഭവപ്രവർത്തനങ്ങൾ എന്നിവയിലെല്ലാം ഓരോ കുട്ടിക്കും സംസാരിക്കുവാൻ അവസരം ഒരുക്കേണ്ടതുണ്ട്. ചിത്രങ്ങളിൽ കാണുന്ന കാര്യങ്ങളെക്കുറിച്ചു പറയൽ, വരച്ചതോ നിറം കൊടുത്തതോ ആയ ചിത്രങ്ങളെക്കുറിച്ച് പറയൽ, മറ്റുള്ളവരുടെ ചിത്രങ്ങളെക്കുറിച്ച് അഭിപ്രായങ്ങൾ പറയൽ, ചെയ്ത കാര്യങ്ങളുടെ യുക്തിയും ന്യായീകരണങ്ങളും അവതരിപ്പിക്കൽ തുടങ്ങിയ ഭാഷണത്തിനുള്ള ഒട്ടറെ സാധ്യതകൾ വർക്ക് ഷീറ്റ് പ്രവർത്തനവുമായി ബന്ധപ്പെട്ടിട്ടുണ്ട്.

3+ പ്രായത്തിൽ സ്വന്തം ഗൃഹഭാഷയിലാണ് കുട്ടികൾ ആശയവിനിമയം നടത്തുക. ഈ സന്ദർഭത്തിൽ കളിയാക്കൽ, തടസ്സപ്പെടുത്തൽ, അവഗണിക്കൽ എന്നിവ അധ്യാപികയുടെ ഭാഗത്ത് നിന്നും ഉണ്ടാവരുത്. അത് കുട്ടിയുടെ ആത്മവിശ്വാസം തകർക്കും. സംസാരിക്കാനുള്ള പ്രോത്സാഹനമാണ് ആവശ്യം.

4+ ആകുമ്പോഴേക്കും ഗൃഹഭാഷയിൽ നിന്നും മാനകഭാഷയിലേക്ക് വളരാനാവശ്യമായ മാതൃകകളും അനുഭവങ്ങളും നൽകേണ്ടതുണ്ട്. അത്തരം സാധ്യതകൾ വർക്ക് ഷീറ്റുകൾ അവതരിപ്പിക്കുന്ന ഘട്ടത്തിൽ ബോധപൂർവം പ്രയോജനപ്പെടുത്താൻ നമുക്കാവണം. ഈ ഘട്ടത്തിൽ പ്രാഗ് ലേഖന പ്രവർത്തനങ്ങളും ഒരുക്കുന്ന തരത്തിലാണ് 'കളിത്തോണി'യിലെ വർക്ക്ഷീറ്റുകൾ ക്രമീകരിച്ചിട്ടുള്ളത്.

### 3. വൈജ്ഞാനിക വികാസ മേഖല

ശാസ്ത്ര, ഗണിതശാസ്ത്ര മേഖലയിലുള്ള അനുഭവപ്രവർത്തനങ്ങളാണ് ഈ മേഖലയിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. വലുത്/ചെറുത്, കൂടുതൽ/കുറവ്, അടുത്ത്/അകലെ, നീളം കൂടിയത്/കുറഞ്ഞത്, ഉയരം കൂടിയത്/കുറഞ്ഞത് തുടങ്ങിയ പ്രാഗ് - ഗണിതാശയങ്ങൾ, വസ്തുക്കൾ എണ്ണൽ, പൊരുത്തപ്പെടുത്തൽ എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്. ക്ലാസ് മുറിയിൽ ധാരാളം നേരനുഭവങ്ങൾ നൽകിയ ശേഷമാണ് വർക്ക്ഷീറ്റുകൾ ഉപയോഗപ്പെടുത്തേണ്ടത്.

നിരീക്ഷണം, താരതമ്യം ചെയ്യൽ, സാമ്യവ്യത്യാസങ്ങൾ കണ്ടെത്തൽ, തരംതിരിക്കൽ (വർഗീകരണം), കണ്ടെത്തലുകൾ അവതരിപ്പിക്കൽ തുടങ്ങിയ പ്രക്രിയാശേഷികളുമായി ബന്ധപ്പെട്ട നിരവധി പ്രവർത്തനങ്ങൾ 'കളിത്തോണി'യിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ചിത്രനിരീക്ഷണങ്ങൾ മാത്രമേ വർക്ക്ഷീറ്റുകളിലൂടെ സാധ്യമാവുകയുള്ളൂ. അതിനാൽ കണ്ടറിയൽ, കേട്ടറിയൽ, മണത്തറിയൽ, രുചിച്ചറിയൽ, തൊട്ടറിയൽ എന്നിവയിലൂടെയെല്ലാമുള്ള നിരീക്ഷണങ്ങൾക്ക് കൂടി അവസരം കിട്ടുന്നതരത്തിൽ പഠനാനുഭവങ്ങൾ ആസൂത്രണം ചെയ്യേണ്ടതുണ്ട്. യുക്തിചിന്ത, കാര്യകാരണബന്ധങ്ങൾ കണ്ടെത്തിപ്പറയൽ, പാറ്റേണുകൾ രൂപീകരിക്കൽ, വിവിധതരം നിർമാണപ്രവർത്തനങ്ങളിൽ ഏർപ്പെടൽ, ഓർത്തുപറയൽ തുടങ്ങിയ അനുഭവങ്ങൾ കുട്ടിക്ക് ലഭിക്കേണ്ടതാണ്.

മൂന്നു വയസ്സുകാർക്ക് ലളിതമായ പ്രാഗ് ഗണിതാശയങ്ങൾ, നിറങ്ങൾ തിരിച്ചറിയൽ, വ്യത്യാസം കണ്ടെത്തൽ, ചിത്രങ്ങൾ കണ്ട് അവയിലെ കാര്യങ്ങൾ പറയൽ, ഒരേ പോലെയുള്ളവ കണ്ടെത്തൽ, കൂട്ടത്തിൽ പെടാത്തവ കണ്ടെത്തി അതിന്റെ കാരണം പറയൽ തുടങ്ങിയ പ്രവർത്തനങ്ങളാണ് നൽകിയിട്ടുള്ളത്.

നാല് വയസ്സുകാർക്ക് ഇവയുടെ ഉയർന്ന നിലവാരത്തിലുള്ള പ്രവർത്തനങ്ങളോടൊപ്പം 1 മുതൽ 5 വരെയുള്ള സംഖ്യാബോധവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. ഭിന്നനിലവാരമുള്ള കുട്ടികൾക്ക് വേണ്ടി വർക്ക്ഷീറ്റുകളിൽ അനുരൂപീകരണം നടത്തി പ്രയോജനപ്പെടുത്താവുന്നതാണ്.

### 4. സർഗാത്മക – സൗന്ദര്യാത്മക വികാസം

ചിത്രംവര, നിറം നൽകൽ, നിർമാണം എന്നീ പ്രവർത്തനങ്ങളാണ് മുഖ്യമായും ഈ മേഖലയുമായി ബന്ധപ്പെട്ട് കളിത്തോണിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഭാഷാപരമായ സർഗാത്മകതയും പരിഗണിച്ചിട്ടുണ്ട്.

ചിത്രവര (സ്വതന്ത്രവും നിയന്ത്രിതവും), നിറം നൽകൽ എന്നിവയെക്കുറിച്ച് മുമ്പ് പരാമർശിച്ചിട്ടുണ്ടല്ലോ. വിവിധതരത്തിലുള്ള നിർമാണങ്ങളുടെ സാധ്യതകൾ ഉൾപ്പെടുത്തുവാൻ ശ്രമിച്ചിട്ടുണ്ട്. മണൽച്ചിത്രങ്ങൾ, വിരൽച്ചിത്രങ്ങൾ, ഇലമൃഗശാല നിർമാണം, പൂക്കൾ നിർമിക്കൽ, ബാഡ്ജ് നിർമാണം, പതാകനിർമാണം, തോരണങ്ങൾ തയാറാക്കൽ തുടങ്ങി കൈവിരൽ പതിപ്പിച്ചുള്ള ചിത്രനിർമാണം, ഇല പ്രിന്റിംഗ്, പഞ്ഞി, പെൻസിൽ സ്ക്രാപ്പ് തുടങ്ങിയവ ഒട്ടിച്ച് ചിത്രങ്ങൾ പൂർത്തിയാക്കൽ എന്നിങ്ങനെ വൈവിധ്യമാർന്ന നിർമാണസാധ്യതകൾ 'കളിത്തോണി' യിലുണ്ട്.

3+ പ്രായത്തിലുള്ളവർക്ക് താരതമ്യേന ലളിതമായ നിർമാണങ്ങളാണ് നൽകിയിട്ടുള്ളത്. ഈ പ്രവർത്തനങ്ങൾ നൽകുമ്പോൾ സർഗാത്മകവും സൗന്ദര്യാത്മകവുമായ വികാസത്തിനോടൊപ്പം സൂക്ഷ്മ-സ്ഥൂല പേശികളുടെ വഴക്കവും സാധ്യമാവുമല്ലോ. കൂടാതെ സാമൂഹിക വൈകാരിക വികാസത്തിനും ഇവ പ്രയോജനപ്പെടുന്നു. സഹകരണ മനോഭാവവും നേതൃത്വപരമായ പങ്കുവഹിക്കലുമെല്ലാം നേടാൻ കഴിയും വിധം സംഘപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടതാണ്.

4+ പ്രായത്തിലുള്ള കുഞ്ഞുങ്ങൾക്ക് കറുച്ചുകൂടി ഉയർന്ന നിലവാരത്തിലുള്ള പ്രവർത്തനഷീറ്റുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. കത്രിക ഉപയോഗിച്ചു മുറിച്ചെടുക്കാനും ഒട്ടിക്കാനും കടലാസുപയോഗിച്ച് പൂക്കൾ, ഒറിഗാമി രൂപങ്ങൾ എന്നിവ നിർമിക്കാനും അവസരം നൽകിയിട്ടുണ്ട്. പ്രകൃതിയിൽ നിന്ന് കിട്ടുന്ന വസ്തുക്കൾ, പാഴ് വസ്തുക്കൾ എന്നിവ ഉപയോഗിച്ചുള്ള നിർമാണപ്രവർത്തനങ്ങൾ എന്നിവയും ചെയ്യിക്കണം. എങ്കിലേ കുട്ടിയുടെ സമഗ്രമായ വികാസം സാധ്യമാവുകയുള്ളൂ.

### 5. സാമൂഹിക വൈകാരിക വികാസം

'കളിത്തോണി'യിലെ പ്രവർത്തനങ്ങൾ മിക്കതും വ്യക്തിഗതമായി പൂർത്തീകരിക്കേണ്ടവയാണ്. സാധ്യമായ സന്ദർഭങ്ങളിൽ പരസ്പര സഹായത്തിനുള്ള അവസരങ്ങൾ ഒരുക്കാൻ കഴിയും. നിറം നൽകാനുള്ള ക്രയോണുകൾ കൈമാറാനും നിർമാണപ്രവർത്തനങ്ങളിൽ സംഘം ചേർന്നു പ്രവർത്തിക്കാനും ഒക്കെ അവസരങ്ങളുണ്ടാകുമല്ലോ. ചില പ്രവർത്തനങ്ങളിൽ നിശ്ചിത നിറമുള്ള ക്രയോൺ തന്നെ ആവശ്യമായി വരും. ഉദാ: ഇലകൾക്ക് പച്ചനിറം നൽകൽ. ഒരാൾ നിറം കൊടുത്തു തീരുന്നതുവരെ ഊഴം കാത്തു നിൽക്കാൻ കുട്ടിയെ പ്രേരിപ്പിക്കുവാൻ അധ്യാപികയ്ക്കു കഴിയും. കത്രിക കൊണ്ടു മുറിക്കുന്ന സന്ദർഭങ്ങളിലും ഇങ്ങനെ കാത്തു നിൽക്കേണ്ടി വരാം.

കഥകളിലെ വൈകാരിക മുഹൂർത്തങ്ങളുമായി സ്വന്തം വൈകാരിക അവസ്ഥകളെ പൊരുത്തപ്പെടുത്തുന്നതിലൂടെ സാമൂഹിക വൈകാരിക വികാസം സാധ്യമാക്കാനാവും. വർക്ക് ഷീറ്റ് അവതരണ സന്ദർഭങ്ങളിലെ ആഖ്യാനങ്ങൾ, ക്ലാസിൽ അവതരിപ്പിക്കുന്ന കഥകൾ, കവിതകൾ, കഥാഗാനങ്ങൾ, പാവനാടകങ്ങൾ, റോൾപ്ലേ എന്നിവ സാമൂഹിക വൈകാരിക വികാസത്തിന് കൂടി പ്രയോജനപ്പെടുത്തുന്നിടത്താണ് അധ്യാപിക വിജയിക്കുന്നത്.

## വിലയിരുത്തൽ

ഓരോ വികാസമേഖലയിലും ഓരോ കുട്ടിയും എവിടെ നിൽക്കുന്നു എന്ന് അധ്യാപികയ്ക്ക് തിരിച്ചറിയാനാവണം. കുട്ടിയുടെ വ്യക്തിപരമായ സവിശേഷതകൾ തിരിച്ചറിഞ്ഞ് ആവശ്യമായ കൈത്താങ്ങ് നൽകാൻ ഇത് അധ്യാപികയെ സഹായിക്കും. കൂടാതെ തന്റെ ആസൂത്രണത്തിലെ പരിമിതികൾ തിരിച്ചറിഞ്ഞ് മെച്ചപ്പെടുത്താനും വിലയിരുത്തൽ പ്രവർത്തനങ്ങളിലൂടെ സാധിക്കും. രക്ഷിതാക്കളുടെ ഭാഗത്ത് നിന്ന് കുട്ടിക്ക് ലഭിക്കേണ്ട സഹായങ്ങൾ എന്തൊക്കെയെന്ന് കൃത്യമായി നിർദേശിക്കാനും അധ്യാപികയെ സഹായിക്കുന്നത് നിരന്തര വിലയിരുത്തലിലൂടെ ലഭിക്കുന്ന സൂചനകൾ തന്നെയാണ്.

ഓരോ വർക്ക്ഷീറ്റിലൂടെയും എന്തൊക്കെയാണ് വിലയിരുത്തേണ്ടത് എന്ന് കൈപ്പുസ്തകത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. പ്രവർത്തനം നടക്കുമ്പോൾ അധ്യാപിക നടത്തുന്ന നിരീക്ഷണവും വർക്ക്ഷീറ്റ് എന്ന ഉല്പന്നത്തെ വിലയിരുത്തലും വഴിയാണ് നിരന്തരവിലയിരുത്തൽ നടത്തേണ്ടത്. രക്ഷിതാക്കളുമായുള്ള ആശയവിനിമയത്തിലൂടെയും ചില വിലപ്പെട്ട നീരിക്ഷണങ്ങൾ നമുക്ക് ലഭിക്കും.

ഓരോ വർക്ക്ഷീറ്റും ചെയ്തു കഴിഞ്ഞാൽ പ്രദർശനത്തിന് ശേഷം ഓരോ കുട്ടിയുടെയും പോർട്ട് ഫോളിയോ ബാഗിലേക്ക് മാറ്റണം. അവ വിശകലനം ചെയ്യുമ്പോൾ വികാസമേഖലകളിൽ കുട്ടിക്കുണ്ടായ ക്രമാനുഗതമായ വളർച്ച ടീച്ചർക്കും രക്ഷിതാവിനും ബോധ്യപ്പെടാനാവും. വർഷാവസാനം ഇവ ക്രോഡീകരിച്ച് കുട്ടിയെ സംബന്ധിച്ച കൃത്യമായ വിലയിരുത്തൽ തയ്യാറാക്കാനാവില്ലേ?

കുട്ടിക്കും രക്ഷിതാവിനും ആവശ്യമായ ഫീഡ്ബാക്കുകൾ നൽകി മെച്ചപ്പെടുത്താൻ ഇതുവഴി അധ്യാപികയ്ക്ക് സാധിക്കും.

# തീം 1 കുടുംബം

**കളിത്തോണിയിലെ വർക്ക്ഷീറ്റുകൾ പ്രവർത്തനാനുഭവങ്ങളായി നൽകണം. തീമിനെ അടിസ്ഥാനമാക്കിയുള്ള പ്രവർത്തനങ്ങളുമായി കണ്ണിചേർത്താണ് അവതരിപ്പിക്കേണ്ടത്. കണ്ണിചേർക്കലിനുള്ള സാധ്യത ഓരോ തീമിന്റെയും ആദ്യം ഈ പിന്തുണാസാമഗ്രിയിൽ സൂചിപ്പിച്ചിട്ടുണ്ടാകും. പ്രവർത്തനക്രമത്തിൽ അനുയോജ്യമായ മാറ്റം വരുത്താൻ അധ്യാപികകയ്ക് സ്വാതന്ത്ര്യമുണ്ട്. ചിത്രം വരക്കുമ്പോൾ കുട്ടികൾക്ക് ആവശ്യമായ കൈത്താങ്ങ് നൽകണം.**

## പ്രവർത്തന ക്രമം

1. കുടുംബവുമായി ബന്ധപ്പെട്ട പാട്ടുകൾ/കഥകൾ

↓

2. കുടുംബവുമായി ബന്ധപ്പെട്ട ചിത്രത്തെക്കുറിച്ച് വിശദീകരിക്കൽ

↓

3. വർക്ക്ഷീറ്റ് 1.1 "എന്റെ വീട്ടുകാർ" നൽകൽ.

↓

4. കഥയിലെ സംഭവങ്ങൾ അഭിനയിച്ച് കാണിക്കൽ.

↓

5. കുടുംബവുമായി ബന്ധപ്പെട്ട പാട്ടു പാടൽ.(സ്വന്തം പേരു പറയൽ. അമ്മയുടെ പേരു പറയൽ)

↓

6. ആഖ്യാനവതരണം, വർക്ക്ഷീറ്റ് 1.2 "ഞാനും എന്റെ വീട്ടുകാരും" നൽകൽ

↓

7. പേരുപറയൽ കളി, അച്ഛനമ്മമാർ, ചേട്ടൻ, ചേച്ചി പേരു പറയൽ.

↓

8. വീടുമായി ബന്ധപ്പെട്ട ആംഗ്യപ്പാട്ട് പാടൽ, കഥ കേൾക്കൽ

↓

9. കുടുംബവുമായി ബന്ധപ്പെട്ട കാര്യങ്ങൾ പറയൽ

## വർക്ക്ഷീറ്റ് -1.1 എന്റെ വീട്ടുകാർ

**വികാസ മേഖലകൾ** :
- ഭാഷാവികാസം
- ശാരീരിക ചാലക വികാസം

**ശേഷികൾ** :
1) ചിത്രങ്ങൾ വരയ്ക്കാനും നിറം നൽകാനും കഴിയുന്നു. (4)
2) ചിത്രങ്ങൾ കണ്ട് ആശയങ്ങൾ പറയാൻ കഴിയുന്നു. (14)
3) ചിത്രങ്ങൾ നിരീക്ഷിച്ച് വിശദാംശങ്ങളും കണ്ടെത്തലുകളും പറയാൻ കഴിയുന്നു (21).

**ആശയം** : അച്ഛനും അമ്മയും മക്കളും ചേർന്നതാണ് കുടുംബം.

**സാമഗ്രികൾ** : ക്രയോൺസ്

**സന്ദർഭം** : കുടുംബവുമായി ബന്ധപ്പെട്ട പാട്ടുകൾ, ആംഗ്യപാട്ടുകൾ, കഥകൾ എന്നിവയ്ക്കുശേഷം കുട്ടിയുടെ കുടുംബാംഗങ്ങളെക്കുറിച്ചുള്ള സൗഹൃദ സംഭാഷണത്തിന്റെ തുടർച്ചയായി വർക്ക്ഷീറ്റ് നൽകാം.

**പ്രക്രിയ** :

- ആഖ്യാനം : നയനമോൾ രാവിലെ ഉണർന്നു. ഉണ്ണിക്കുട്ടൻ കരയുന്നു. 'എന്താ കുട്ടാ കരയുന്നത്'? കരയാതെ ഉണ്ണിക്കുട്ടാ". "ഞാൻ വേഗം വരാം." അവൾ പുള്ളിയുടുപ്പിട്ടു. വരാന്തയിലെത്തി. "ഉണ്ണിക്കുട്ടാ നീയെന്തിനാ ഇങ്ങിനെ കരയുന്നത്?"
"നമുക്കേ... അമ്മൂമ്മയുടെ വീട്ടിൽ പോകാം. കരച്ചില് നിറുത്തെടാ പുന്നാരേ... അമ്മൂമ്മ

നല്ല കഥ പറഞ്ഞു തരില്ലേ. ആകാശമിഠായിയുടെ കഥ.” ഉണ്ണിക്കുട്ടൻ കരച്ചിൽ നിറുത്തി. “അമ്മേ, ഞങ്ങൾ അമ്മൂമ്മയുടെ അടുത്തു പോവുകയാ.” അതു കേട്ട് വീട്ടിലുള്ളവർ മുറ്റത്തെത്തി. ആരൊക്കെയാകും എത്തിയിട്ടുണ്ടാവുക? പ്രതികരണം.

- വർക്ക്ഷീറ്റ്-1.1 ‘എന്റെ വീട്ടുകാർ’ നൽകുന്നു.

ഓരോരുത്തരും ചിത്രം നോക്കി ഓരോരോ കാര്യം പറയുന്നു. ക്രയോൺസ് നൽകുന്നു. വീടിന് നിറം നൽകുന്നു. നൽകിയ നിറത്തിന്റെ അടിസ്ഥാനത്തിൽ ചർച്ച. വീടിന്റെ മേൽക്കൂരയ്ക്ക് എന്താ നിറം നൽകിയത്? ഭിത്തിക്കോ? ഇങ്ങനെ ഓരോരോ വസ്തുവിനെക്കുറിച്ചും സംഭാഷണം. ആഗ്രഹിക്കുന്ന പക്ഷം കുട്ടികൾക്ക് പൂക്കളും ചെടിയും വരച്ചു ചേർക്കാം. നിറം നൽകാം.

- ചർച്ച
  - നിങ്ങളുടെ വീട്ടിൽ ആരൊക്കെയുണ്ട്? (സ്വതന്ത്ര പ്രതികരണം)
  - ടീച്ചറുടെ വീട്ടിലെ അംഗങ്ങളെ പരിചയപ്പെടുത്തൽ (ഫോട്ടോ/ചിത്രം വരച്ചുകൊണ്ട്)
  - നിങ്ങളുടെ വീട്ടിൽ ആരൊക്കെ?
  - സ്വന്തം കുടുംബത്തെക്കുറിച്ച് കുട്ടികൾ സംസാരിക്കുന്നു.

ആഖ്യാനം (തുടർച്ച)

അവർ അമ്മൂമ്മയുടെ വീട്ടിലെത്തി. “ആരാ വരുന്നത്?” അമ്മൂമ്മയ്ക്ക് സന്തോഷമായി. “അമ്മൂമ്മേ... അമ്മൂമ്മേ... ഉണ്ണിക്കുട്ടൻ ആകാശ മിഠായിയുടെ കഥ കേൾക്കാൻ വന്നതാ.” “അതെയോ? വരൂ, അകത്തേയ്ക്ക് വരൂ!” “അമ്മൂമ്മേ, കഥ പറഞ്ഞു തരുമോ അമ്മൂമ്മേ”. “കഥ കേൾക്കാൻ തിടുക്കമായോ?” അമ്മൂമ്മ ഉണ്ണിക്കുട്ടനെ മടിയിലിരുത്തി കഥ പറഞ്ഞു തുടങ്ങി. “ഒരിടത്ത് ഒരു അണ്ണാനുണ്ടായിരുന്നു. ഒരു ദിവസം അണ്ണാന് ഒരു മിഠായി കിട്ടി. അണ്ണാൻ അത് മരക്കൊമ്പിൽ കൊണ്ടുവെച്ചു. രാത്രിയായപ്പോൾ ആ മിഠായി മിനുങ്ങാൻ തുടങ്ങി. സ്വർണനിറം. അണ്ണാൻ നോക്കി നിൽക്കേ മിഠായിയെ ഒരു മേഘം വന്ന് എടുത്തുകൊണ്ടു പോയി. ആകാശത്ത് വെച്ചു. മിഠായി ആകാശത്തൂടെ ഉരുണ്ട് പടിഞ്ഞാട്ട് പോയി. പിറ്റേ ദിവസവും ആ മിഠായിയെ അണ്ണാൻ കിഴക്കേ ആകാശത്ത് കണ്ടു.” അണ്ണാൻ അമ്മയോടു പറഞ്ഞു “ദേ അമ്മേ, എന്റെ മിഠായി”. “നല്ല മിഠായി. അമ്പിളി മിഠായി”. അമ്മ പറഞ്ഞു. “ഉണ്ണിക്കുട്ടാ നീ അമ്പിളി മിഠായി കണ്ടിട്ടുണ്ടോ?” “മാനത്തെ അമ്പിളി മിഠായി” മുത്തശ്ശി ചോദിച്ചു.

ടീച്ചർക്ക് : ബന്ധങ്ങളെക്കുറിച്ച് പറയുന്ന ഘട്ടത്തിൽ പ്രാദേശികഭേദങ്ങൾ പരിഗണിക്കണം (അമ്മച്ചി, ഉമ്മ, അച്ചാച്ചി, അമ്മമ്മ, അച്ചമ്മ, ഉമ്മാമ്മ..)

## വിലയിരുത്തൽ

- സ്വന്തം കുടുംബാംഗങ്ങളുടെ പേര്/ബന്ധം പറയുന്നു.
- നിറം നൽകുന്നതിലെ സൂക്ഷ്മത/കൃത്യത
- നിറങ്ങളുടെ അനുയോജ്യത

## വർക്ക്ഷീറ്റ്-1.2 ഞാനും എന്റെ വീട്ടുകാരും

**വികാസ മേഖലകൾ** :
- ശാരീരിക ചാലക വികാസം
- സർഗ്ഗാത്മക-സൗന്ദര്യാത്മക വികാസം.

**ശേഷികൾ** :
1) കൈവിരൽ, ക്രയോൺ എന്നിവ ഉപയോഗിച്ച് സ്വതന്ത്രമായി ചിത്രങ്ങൾ വരച്ചു നിറങ്ങൾ നൽകാൻ കഴിയുന്നു(4).
2) പല വസ്തുക്കൾ ഉപയോഗിച്ച് പ്രിന്റിംഗ് ചെയ്യാൻ കഴിയുന്നു (81).

**ആശയം** : കുടുംബത്തിലെ അംഗങ്ങൾ (അച്ഛൻ, അമ്മ, ചേച്ചി, ചേട്ടൻ, മുത്തശ്ശൻ, മുത്തശ്ശി) ഒന്നിച്ച് ഒരേ വീട്ടിൽ താമസിക്കുന്നു.

**സാമഗ്രികൾ** : സ്പോഞ്ച്/പഞ്ഞി, ഇല/ പ്ലേറ്റ്, ചായം

**സന്ദർഭം** : കുടുംബത്തിലെ അംഗങ്ങൾ - പാട്ട് അവതരിപ്പിച്ചതിനുശേഷം

**പ്രക്രിയ** :

- ആഖ്യാനം :

അമ്മ തുണി അലക്കുന്നു. ഉണ്ണിക്കുട്ടൻ പന്തുരുട്ടി കളിക്കുന്നു. അമ്മൂമ്മ മുണ്ടിൽ നീലം മുക്കി വിരിച്ചിടുന്നു.

''അമ്മൂമ്മേ എനിക്ക് അൽപം നീലം തരുമോ?" നയന അമ്മൂമ്മയോട് ചോദിച്ചു. "എന്തിനാ മോളെ?" അമ്മൂമ്മ ചോദിച്ചു. "എനിക്ക് ചിത്രം വരയ്ക്കാനാ." അവൾ വിരൽത്തുമ്പ് നീലത്തിൽ മുക്കി കടലാസിൽ പതിപ്പിച്ചു. "ഇത് അമ്മൂമ്മ, അച്ഛൻ... ഹായ്! എന്തു രസം."

- അവൾ ആരെയൊക്കെയാണ് വരച്ചത്?
- ടീച്ചർ ചാർട്ടിൽ നയന വരച്ച പോലെ വിരൽത്തുമ്പ് ചിത്രം വരയ്ക്കുന്നു.
- നിങ്ങൾക്കും ഇതുപോലെ കുടുംബത്തിലെ എല്ലാവരെയും വരയ്ക്കണ്ടേ?

- വർക്ക്ഷീറ്റ് 1.2 "ഞാനും എന്റെ വീട്ടുകാരും" വിതരണം ചെയ്യുന്നു.
  - സ്പോഞ്ച്/പഞ്ഞിയിൽ ചായം ഒഴിച്ച് ഇലയിലോ പ്ലേറ്റിലോ നൽകുന്നു.
  - ഓരോരുത്തരും ചായത്തിൽ വിരൽ അമർത്തി പേപ്പറിൽ പതിപ്പിക്കുന്നു.
  - ചായം ഉണങ്ങിയ ശേഷം വിരൽച്ചിത്രത്തിൽ കണ്ണ്, മൂക്ക്, വായ, ചെവി എന്നിവ വരച്ചുചേർക്കുന്നു. (അച്ഛൻ, അമ്മ, ചേട്ടൻ, ചേച്ചി...)
  - സ്റ്റിക്ക് ചിത്രങ്ങൾ വരയ്ക്കുന്ന രീതിയും ടീച്ചർക്ക് പരിചയപ്പെടുത്താം.
  - ഓരോരുത്തരും ചിത്രം പ്രദർശിപ്പിച്ച് പറയുന്നു.
  - എല്ലാവരുടെയും ചിത്രങ്ങൾ പൊതുവായി പ്രദർശിപ്പിച്ച് ആസ്വദിക്കുന്നു

## വിലയിരുത്തൽ

- ചിത്രങ്ങളിൽ വിശദാംശങ്ങൾ (കണ്ണ്, മൂക്ക്, ചെവി, വായ) വരച്ചുചേർത്തിട്ടുണ്ട്.
- ചിത്രത്തിന്റെ ആകർഷണീയത, തനിമ.

# തീം 2 വീടും പരിസരവും

വർക്ക് ഷീറ്റുകൾ ആഖ്യാനത്തോടൊപ്പം നൽകുകയാണ് അഭികാമ്യം. ആഖ്യാനാവതരണം ഭാവാത്മകമായി പൂർണതയിലെത്തിക്കും വിധവും. മനോചിത്രങ്ങൾ രൂപീകരിക്കാൻ സഹായിക്കുന്ന തരത്തിലുമാവണം. നിർമാണപ്രവർത്തനങ്ങളുമായോ കളികളുമായോ ബന്ധിപ്പിച്ചു വരുമ്പോൾ അങ്ങനെയല്ലാതെയും നൽകാം. സമാനമായ ആശയങ്ങൾ ചില പ്രമേയ ങ്ങളിൽ ആവർത്തിക്കാം. ഉദാഹരണത്തിന് കുടുംബം, വീട് എന്നിവയിൽ അംഗങ്ങളുടെ കാര്യം ആവർത്തിക്കാം. ഓരോ പുനരനുഭവ സന്ദർഭത്തിലും കൂടുതൽ വിശദാംശങ്ങളിലേക്ക് ചർച്ച പോകണം. ചാക്രികമായ പ്രവർത്ത നാനുഭവങ്ങൾ ആശയരൂപീകരണത്തെ ശക്തിപ്പെടുത്തും. ഒരു കാര്യം അതേ പോലെ ആവർത്തിക്കുന്നതിനേക്കാൾ നല്ലത് പുതിയ ഘടകങ്ങൾ കൂട്ടിച്ചേർക്കാവുന്ന പുനരനുഭവമൊരുക്കലാണ്. ചുവടെ പ്രവർത്തന സാധ്യതകളാണ് നൽകിയിരിക്കുന്നത്. അനുയോജ്യമായവ തെരഞ്ഞെ ടുത്ത് ഉപയോഗിക്കാം.

## പ്രവർത്തന ക്രമം

1. സ്വതന്ത്രഭാഷണം, അമ്മ നല്ല അമ്മ (പാട്ട്)
↓
2. വീടിനെക്കുറിച്ചുള്ള പാട്ട് (എന്തു നല്ലവീട്)
↓
3. കളി–"വീട്ടിൽ കയറാം കൂട്ടരേ" (പാട്ട്പാടി വീടിനകത്ത് കയറൽ)
↓
4. കുടുംബാംഗങ്ങളുടെ കട്ടൗട്ട് വെച്ച് പറയൽ (Big Screen)
↓
5. ആഖ്യാനം–2.1 (ചിത്രം നോക്കി പറയൂ, കുടുംബാംഗങ്ങൾക്ക് നിറം നൽകൂ) വർക്ക്ഷീറ്റ് നൽകൽ
↓
6. പേപ്പർ മടക്കി വീട് നിർമ്മാണം
↓
7. പന്ത് കൈമാറാം കളി–സ്വന്തം പേരു പറയൽ
↓
8. മുത്തശ്ശനും മുത്തശ്ശിയും–കഥ പറയൽ
↓
9. ആഖ്യാനം, 2.2 (കൂട്ടത്തിൽ പെടാത്തത് ഏത്?) വർക്ക്ഷീറ്റ് നൽകൽ
↓
10. അമ്മയെക്കുറിച്ചുള്ള പാട്ട്–"ഓടിയെത്തും നേരമെന്നെ"
↓
11. ആഖ്യാനം 2.3 (നിറം നൽകാം) വർക്ക്ഷീറ്റ് നൽകൽ.
↓
12. ഓർമ്മിച്ചെടുക്കാം, വസ്തുക്കൾ മാറ്റി കളി ആവർത്തനം
↓
13. ആഖ്യാനം, മണൽത്തടം നിരീക്ഷണം.
↓
14. 2.4 (വലുതേത്?) വർക്ക്ഷീറ്റ് നൽകൽ
↓
15. വീടിനകത്തെ മുറികൾ പറയൽ കളി
↓
16. പ്രകൃതി നടത്തം–കണ്ട വീടുകളെക്കുറിച്ച് പറയൽ
↓
17. മരക്കട്ടകൾ, ബിൽഡിങ് ബ്ലോക്സ് തുടങ്ങിയവ ഉപയോഗിച്ചുള്ള നിർമ്മാണം.
↓
18. ശുചിത്വ ശീലവുമായി ബന്ധപ്പെട്ട പാവകളി കാണൽ/കളിക്കൽ.
↓

19. ജിഗ്സോ-കുടുംബം-ജിഗ്സോ കുട്ടിച്ചേർക്കൽ.

↓

20. ജന്തുക്കൾ/പക്ഷികൾ-കഥ കേൾക്കൽ, കേട്ടകഥ പറയൽ

↓

21. വളർത്തു ജീവികൾക്ക് (പക്ഷികൾ, മീനുകൾ) ഭക്ഷണം നൽകൽ.

↓

22. ശരിയായ ടോയ്‌ലറ്റിങ് പരിശീലനം.

## വർക്ക്ഷീറ്റ് - 2.1 ചിത്രം നോക്കി പറയൂ കുടുംബാംഗങ്ങൾക്ക് നിറം നൽകൂ

**വികാസ മേഖലകൾ** :
- ശാരീരിക ചാലക വികാസം
- ഭാഷാവികാസം
- സാമൂഹിക വൈകാരിക വികാസം

**ശേഷികൾ** :
1) ചിത്രങ്ങൾക്ക് നിറം നൽകാൻ കഴിയുന്നു (4).
2) കണ്ടും കേട്ടും മനസ്സിലാക്കിയ സംഭവങ്ങൾ, അനുഭവങ്ങൾ എന്നിവ മറ്റുള്ളവരുമായി പങ്കുവയ്ക്കാൻ കഴിയുന്നു (16).
3) കഥകൾ, അനുഭവങ്ങൾ, സന്ദർഭങ്ങൾ എന്നിവയിലെ കഥാപാത്രങ്ങളുടെ റോളുകൾ അഭിനയിക്കാൻ കഴിയുന്നു (74).

**സന്ദർഭം** : വീടിനെക്കുറിച്ചുള്ള പാട്ട്, കളി എന്നിവയ്ക്ക് ശേഷം നൽകാവുന്നതാണ്.

**ആശയം** : അമ്മ, അച്ഛൻ, മുത്തശ്ശൻ, മുത്തശ്ശി, ചേച്ചി/ചേട്ടൻ അനുജൻ/അനുജത്തി എന്നിവർ ഒന്നിച്ചു താമസിക്കുന്ന ഇടമാണ് വീട്.

**സാമഗ്രികൾ** : വർക്ക്ഷീറ്റ്, ക്രയോൺസ്

**പ്രക്രിയ**

- ആഖ്യാനം : ഇന്ന് അവധിയാണ്. രവിയും മീരയും കളിക്കാനിറങ്ങി. "രവിയേട്ടാ, ഇന്ന് എന്താ നമ്മൾ കളിക്കുക? ഒളിച്ചുകളിക്കാം." "അതു വേണ്ട, വീടുകെട്ടി കളിക്കാം." "അതു വേണ്ട പന്തുകളിക്കാം." അവർ പന്തെടുത്തു. രവി പന്തിൽ ഒറ്റ തട്ട്. പന്ത് പൊങ്ങി ഉയർന്ന്, താഴെ വീണുരുണ്ടു. പൂച്ച പന്തിന്റെ പിറകേ ഓടി. അത് പന്ത് തട്ടിത്തട്ടിയുരുട്ടി. പന്തുരുണ്ടുരുണ്ട് പശുവിന്റെയടുത്തു ചെന്നു. പശു ഒരു തട്ടുകൊടുത്തു. പന്ത് തെറിച്ച് മേൽക്കൂരയിൽ തട്ടി. തെറിച്ച് കിണറ്റിൽ വീണു. അമ്മ വെള്ളം കോരി ഒഴിച്ചപ്പോൾ കലത്തിൽ വെള്ളമല്ല വീണത്. ഒരു പന്ത്. അമ്മ അതിശയിച്ചു. എല്ലാവരും പൊട്ടിച്ചിരിച്ചു.
- വർക്ക്ഷീറ്റ് 2.1 "ചിത്രം നോക്കി പറയൂ! കുടുംബാംഗങ്ങൾക്ക് നിറം നൽകൂ!" വിതരണം ചെയ്യുന്നു.
  - ചിത്രത്തിൽ എന്തൊക്കെ? ആരൊക്കെ? കുട്ടികൾ പറയുന്നു.
  - ഓരോരുത്തരും ചെയ്യുന്ന പ്രവൃത്തികൾ ചോദിക്കുന്നു, പറയുന്നു.
  - കുടുംബാംഗങ്ങൾക്ക് ഇഷ്ടാനുസരണം നിറം കൊടുക്കുന്നു.
  - ചിത്രം പ്രദർശിപ്പിക്കുന്നു.

- കുടുംബാംഗങ്ങളുടെ പ്രവൃത്തികൾ മൈം ചെയ്യുന്നു.

**ടീച്ചർക്ക്** : ആൺ, പെൺ വ്യത്യാസമില്ലാതെ എല്ലാവരും എല്ലാജോലിയും ചെയ്യേണ്ടതാണെന്ന് ചർച്ചയിലൂടെ കുട്ടികളെ ബോധ്യപ്പെടുത്തണം.

## വിലയിരുത്തൽ :

- ചിത്രവുമായി ബന്ധപ്പെട്ട അനുഭവങ്ങൾ, സംഭവങ്ങൾ പറയാൻ കഴിയുന്നുണ്ട്.
- നിറം നൽകിയതിലെ ആകർഷകത്വം.
- അഭിനയ മികവ്

## വർക്ക്ഷീറ്റ് – 2.2 കൂട്ടത്തിൽ പെടാത്തത് ഏത്?

**വികാസ മേഖല** : വൈജ്ഞാനിക വികാസം

**ശേഷി** : വസ്തുക്കൾ/ചിത്രങ്ങൾ നിരീക്ഷിച്ച് കൂട്ടത്തിൽപ്പെടാത്തവ വേർതിരിച്ച് കണ്ടെത്താനും കൂട്ടത്തിൽപ്പെടാത്തതിന്റെ കാരണം പറയാനും കഴിയുന്നു (33).

**ആശയം** : വീട്ടിൽ കട്ടിൽ, മേശ, കസേര, പാത്രങ്ങൾ തുടങ്ങിയ ഉപകരണങ്ങളുണ്ട്.

**സാമഗ്രി** : വർക്ക്ഷീറ്റ്

**സന്ദർഭം** : വീട്ടുപകരണങ്ങളെ കടങ്കഥാരൂപത്തിൽ അവതരിപ്പിക്കുന്നു. ഉദാ : ഞാൻ ഒരു വസ്തുവിന്റെ പേര് പറയും.
വീട്ടിൽ ഉള്ളതാണ്. നാല് കാലുണ്ട്. ഇരിക്കാൻ ഉപയോഗിക്കും. ഞാനാര്? ഇതുപോലെ മറ്റ് വീട്ടുപകരണങ്ങൾ പരിചയപ്പെടുത്തുന്നു.

**പ്രക്രിയ** :

- വർക്ക്ഷീറ്റ് 2.2 "കൂട്ടത്തിൽ പെടാത്തത് ഏത്?" വിതരണം ചെയ്യുന്നു
  - ചിത്രവായന.
  - ചിത്രത്തിൽ എന്തൊക്കെ?
  - ഇവയിൽ ഒന്ന് കൂട്ടത്തിൽപ്പെടാത്തതാണ്. അതിന് ചുറ്റും വരയ്ക്കൂ!
  - എന്തുകൊണ്ടാണ് കൂട്ടത്തിൽപ്പെടാത്തത് എന്നുകൂടി പറയണം.
  - ഈ ചിത്രത്തിനല്ലാതെ ആ കൂട്ടത്തിലെ വേറെ ഏതെങ്കിലും ചിത്രത്തിന് ആരെങ്കിലും വട്ടം വരച്ചിട്ടുണ്ടോ?
  - ഉണ്ടെങ്കിൽ അതിന്റെ കാരണം പറയാമോ?
  - മറുപടി യുക്തിക്ക് നിരക്കുന്നതാണെങ്കിൽ അംഗീകരിക്കുകയും അഭിനന്ദിക്കുകയും ചെയ്യുന്നു.

**ടീച്ചർക്ക്** : വീട്ടുപകരണങ്ങൾ എന്ന ആശയം രൂപീകരിക്കണം.
ഓരോന്നിനും വേറെ വേറെ ഉപയോഗമാണ് എന്ന രീതിയിൽ ചർച്ച ക്രോഡീകരിക്കണം.

## വിലയിരുത്തൽ :

- കൂട്ടത്തിൽപ്പെടാത്തത് കണ്ടെത്തിയിട്ടുണ്ട്.
- കണ്ടെത്തിയതിന്റെ യുക്തി പറയാൻ കഴിയുന്നുണ്ട്.

## വർക്ക്ഷീറ്റ് - 2.3 നിറം നിൽകാം.

**വികാസ മേഖലകൾ** :
- ശാരീരിക ചാലക വികാസം
- സർഗാത്മക-സൗന്ദര്യാത്മക വികാസം

**ശേഷികൾ** :
1) പെൻസിൽ/ക്രയോൺ ഉപയോഗിച്ച് ചിത്രങ്ങൾക്ക് നിറം നൽകാൻ കഴിയുന്നു (4).
2) പ്രകൃതിയെ ആസ്വദിക്കാനും ചിത്രത്തിലൂടെ പ്രകടിപ്പിക്കാനും നിറം നൽകാനും കഴിയുന്നു (79).

**ആശയം** : പലതരം സസ്യങ്ങൾ വീടിനുചുറ്റും നട്ടുവളർത്താറുണ്ട്.

**സാമഗ്രികൾ** : വർക്ക്ഷീറ്റ്, ക്രയോൺസ്

**സന്ദർഭം** : പ്രകൃതി നടത്തത്തിനിടയിൽ കണ്ട കാഴ്ചകൾ പറഞ്ഞതിന് ശേഷം അവയിൽ ചിലതിന്റെ ചിത്രം വരയ്ക്കുന്നു. പൂവിന്റെ ചിത്രം വരയ്ക്കുന്നു.

**പ്രക്രിയ**

- കളി :

പൂവേ പൂവേ പൊൻപൂവേ
എന്തു ചന്തം പൊൻപൂവേ
നിറവും മണവുമുണ്ടല്ലോ
പേരു ചൊല്ലൂ പൊൻപൂവേ

എന്നു ടീച്ചർ പാടി നിറുത്തിയശേഷം ഒരാളുടെ നേരെ വിരൽ ചൂണ്ടും. ആ കുട്ടി അപ്പോൾ ഒരു പൂവിന്റെ പേരു പറയണം. ആ പൂവിനെക്കുറിച്ച് ഒരു കാര്യം പറയണം. തുടർന്ന് ടീച്ചർ പാടുന്നു. കളി തുടരുന്നു.

- വർക്ക്ഷീറ്റ് 2.3 "നിറം നൽകാം" അവതരിപ്പിക്കുന്നു. നിറം നൽകുന്നു.
  - ചെടിച്ചട്ടിക്കും പൂവിനും ഇലകൾക്കും വ്യത്യസ്ത നിറം നൽകട്ടെ.
  - എല്ലാവരുടെയും ചിത്രങ്ങൾ പൊതുവായി പ്രദർശിപ്പിച്ച് ആസ്വദിക്കുന്നു.

ടീച്ചർക്ക് : ഇലകൾ, ഇതളുകൾ എന്നിവ എണ്ണിനോക്കാനുള്ള അനുഭവം
നൽകുന്ന അവസരത്തിൽ വർക്ക് ഷീറ്റിന്റെ പുനരുപയോഗ സാധ്യത പ്രയോജനപ്പെടുത്താവുന്നതാണ്.
പൂക്കൾക്ക് നൽകിയ നിറം ചർച്ച ചെയ്യണം. ചുവപ്പു നിറമുള്ള പൂക്കൾ ഏതെല്ലാം? എന്നിങ്ങനെ.

## വിലയിരുത്തൽ

- പൂവ്, ഇലകൾ, ചെടിച്ചട്ടി എന്നിവയ്ക്ക് വ്യത്യസ്ത നിറങ്ങൾ നൽകിയിട്ടുണ്ട്.
- നിറം ആകർഷകമായി നൽകിയിട്ടുണ്ട്.
- പൂക്കളെക്കുറിച്ച് ആശയങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്

## വർക്ക്ഷീറ്റ് - 2.4 വലുതേത്?

**വികാസ മേഖല** : **വൈജ്ഞാനിക വികാസം**

**ശേഷി** : വലുപ്പം പരിഗണിച്ച് വസ്തുക്കളെ തരംതിരിച്ച് ക്രമീകരിക്കാൻ കഴിയുന്നു (41).

**ആശയം** : കുടുംബാംഗങ്ങൾ ഒന്നിച്ചു താമസിക്കുന്ന ഇടമാണ് വീട്. (പലതരം വീടുകൾ)

**സാമഗ്രികൾ** : വർക്ക്ഷീറ്റ്, ക്രയോൺസ്

**സന്ദർഭം** : മണൽത്തടം ഉപയോഗിച്ചുള്ള കഥാവതരണത്തിനു ശേഷം

**പ്രക്രിയ** :

- സൗഹൃദസംഭാഷണം : "രാവിലെ എന്താണ് കഴിച്ചത്?" ഓരോരുത്തരോടും ചോദിക്കുന്നു.
  ടീച്ചർ ബോർഡിൽ ഒരു വട്ടം വരയ്ക്കുന്നു. ഇന്ന് ഞാൻ കഴിച്ച ആഹാരമാണ്. പേരുപറയാമോ?
  - ദോശ, അപ്പം, ചപ്പാത്തി. (സ്വതന്ത്ര പ്രതികരണം)
- കളി : തുടർന്ന് ടീച്ചർ തറയിൽ രണ്ടു ചെറിയ വട്ടവും രണ്ടു വലിയ വട്ടവും വരയ്ക്കുന്നു.

  "വട്ടം, വട്ടം, വട്ടം
  ചാടുക വട്ടത്തിൽ വേഗം"

  എന്നു ടീച്ചർ താളാത്മകമായി പറയും. എന്നിട്ട് വലിയവട്ടം എന്നു വിളിച്ചു പറഞ്ഞാൽ ചാടേണ്ടത് വലുതിൽ. ചെറിയ വട്ടമെന്നു പറഞ്ഞാൽ ചാടേണ്ടത് ചെറുതിൽ. ചാട്ടം തെറ്റിച്ചാൽ ഛേ.. ഛേ.. എന്ന് പറയണം.
  തുടർന്ന് പാട്ട് പാടുന്നു.

  "വലിയതെന്തുണ്ട്? ചെറിയതെന്തുണ്ട്?"
  വലിയ ആനയുണ്ട്? ചെറിയ ചേനയുണ്ട്?
  വലിയതേതുണ്ട്? ചെറിയതേതുണ്ട്?
  വലിയ സാരിയുണ്ട്, ചെറിയ തോർത്തുണ്ട്.
  ..............................................................................
  ..............................................................................

  ഇങ്ങനെ വരികൾ ചേർത്ത് പാടണം. തുടർന്ന്
- വർക്ക്ഷീറ്റ് 2.4 വലുതേത്? നൽകുന്നു.
- ചിത്രവായന
  - ചിത്രത്തിൽ എന്താണുള്ളത്?
  - രണ്ട് വീടുകളും ഒരു പോലെയാണോ?
  - എന്തെല്ലാം വ്യത്യാസങ്ങൾ ഉണ്ട്?
  - ലഘു ചോദ്യങ്ങളിലൂടെ വീടുകളുടെ സാമ്യ വ്യത്യാസങ്ങൾ കണ്ടെത്താൻ സഹായിക്കാം. (മുറികൾ, മേൽക്കൂര)
  - ഇതിൽ വലിയ വീട് ഏതാണ്? തൊട്ടുകാണിക്കട്ടെ.
  - ചെറിയ വീട് തൊട്ടുകാണിക്കൂ.
  - വീടുകൾക്ക് നിറം കൊടുക്കൂ! ആദ്യം ചെറിയ വീടിന്. പിന്നെ വലിയ വീടിന്.
  - ടീച്ചർ വിലയിരുത്തുന്നു.

## വിലയിരുത്തൽ

- വലുത്, ചെറുത് കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്.
- വീടിന് നിറം നൽകിയിട്ടുണ്ട്.
- അനുയോജ്യമായ നിറം നൽകിയിട്ടുണ്ട്.

# തീം 3 ഞാനും എന്റെ ശരീരവും

**വർക്ക്ഷീറ്റുകൾ വ്യക്തിഗതമായാണ് ചെയ്യേണ്ടത്. നിർദേശങ്ങൾ ലളിതമാകണം. ചിന്തിക്കാനുള്ള അവസരം നൽകണം. സ്വയം കണ്ടെത്താനുള്ളതാണെങ്കിൽ അവർ തന്നെ ചെയ്യണം. വരച്ചു യോജിപ്പിക്കാൻ പ്രയാസം നേരിടുകയാണെങ്കിൽ ചിന്താതടസ്സം മറികടക്കാൻ സഹായകമായ ചോദ്യങ്ങൾ ഉന്നയിക്കണം. പിന്തുണ നൽകി ശരിയായ രീതിയിൽ പൂർത്തീകരിക്കാൻ സഹായിക്കണം.**

## പ്രവർത്തനക്രമം

1. പാവയെ നിർമിക്കാം
(കൈ, കാൽ, തല വേർപെടുത്താവുന്ന പാവകൾ അവ യഥാസ്ഥാനത്ത് ഉറപ്പിക്കൽ)
↓

2. പാട്ട് പാടൽ
"എന്റെ കുഞ്ഞുപാവ
തലതിരിക്കും പാവ
കൈയുയർത്തും പാവ
കാലുയർത്തും പാവ"
(പാട്ടിലെ വരികൾക്കനുസരിച്ച് പാവയെ ചലിപ്പിക്കൽ)
↓

3. പാവയെ ഉണർത്താം
എല്ലാവരുടെയും പാവകൾ ഉറങ്ങുകയാണ്. (കിടത്തുന്നു)
ടീച്ചർ ബിഗ് പിക്ച്ചർ ക്യാൻവാസിൽ സൂര്യന്റെ ചിത്രം പിൻ ചെയ്യുന്നു. താഴെ കോഴിയുടെ ചിത്രവും മുകളിലാര്? താഴെ യാര്?
↓

4. ശബ്ദാനുകരണം
കോഴികൂവുന്നു (ടീച്ചറും കുട്ടികളും)
↓

5. പ്രഭാത കൃത്യങ്ങൾ
(പാവയെ പല്ലു തേപ്പിക്കൽ, കുളിപ്പിക്കൽ, ഉടുപ്പിടീക്കൽ, മുടി ചീകൽ...ആംഗ്യത്തിലൂടെ ചെയ്യൽ)
പാട്ട് : എന്റെ പാവക്കുട്ടി പല്ലുതേക്കുന്നു
..............................,, കുളിച്ചിടുന്നു
..............................,, ഉടുപ്പിടുന്നു
..............................,, മുടി ചീകുന്നു
നല്ല പാവക്കുട്ടിയായി സ്കൂളിൽ പോകുന്നു. ടീച്ചർ ആംഗ്യം കാണിക്കുന്നതനുസരിച്ച് വരികൾ ചേർത്ത് പാടൽ
↓

6. വർക്ക് ഷീറ്റ് 3.1 (ഞാൻ തനിയെ ചെയ്യുന്നത്) നൽകൽ
↓

7. വിരൽപ്പാവകൾ ഉപയോഗിച്ചുള്ള സംഭാഷണം
കഥാപാത്രങ്ങൾ : അമ്മ/ടീച്ചർ, കുട്ടി
(പ്രമേയം : നഖം മുറിക്കേണ്ടതിന്റെ ആവശ്യകത)

↓

(വർക്ക്ഷീറ്റ് 3.2 ചങ്ങാതിയെ കണ്ടെത്താം) നൽകൽ.

↓

8. പ്രകൃതി നടത്തം (ക്ലാസും പരിസരവും) നിരീക്ഷിക്കൽ
(എന്തൊക്കെ ചപ്പുചവറുകൾ)

↓

9. ക്ലാസിൽ ഒരു ചവറ്റുകൊട്ട നിർമാണം
കടലാസുപെട്ടി/കാർഡ് ബോർഡ് പെട്ടിയെ ഭംഗിയാക്കൽ
(ബാലമാസികയിലെ ചിത്രങ്ങൾ, നിറമുള്ള കടലാസുകൾ ഒട്ടിച്ച്)

↓

10. ചവറ്റുകൊട്ടയിൽ എന്തൊക്കെ ഇടാം?
ചർച്ച
അബിയുടെ മുറി (ആഖ്യാനം)
വർക്ക്ഷീറ്റ് 3.3 ("മുറി വൃത്തിയാക്കാമോ?") അവതരിപ്പിക്കൽ

↓

11. ബട്ടണുകളിടാം, മടക്കിവെക്കാം
നമുക്കും ചെയ്യാം. ബട്ടണിടൽ, അടുക്കിവെക്കൽ. (ഷർട്ടുകൾ ശേഖരിക്കണം.)

↓

12. കൂട്ടപ്പാട്ട്-(പരിസര ശുചിത്വം എന്ന ആശയം)

↓

13. അബിയുടെ പന്തുകൾ - വിവിധ വലിപ്പത്തിലുള്ള പന്തുകളിൽ നിന്നും ഒരേ വലിപ്പമുള്ളവ തെരഞ്ഞെടുത്ത് പ്രത്യേകം പെട്ടികളിൽ അടുക്കൽ.

↓

14. ക്രമത്തിലാക്കൽ - വലുപ്പമനുസരിച്ച് പന്തുകളെ വരിയായി വെക്കൽ

↓

15. കഥ കേൾക്കൽ - (പ്രമേയം : ശുചിത്വമില്ലാത്തതിന്റെ പേരിൽ രോഗം വരുന്നത്)

↓

16. വീഡിയോ കാണൽ - കണ്ടത് പറയാം. (പരിസര മലിനീകരണം)

↓

17. വർക്ക്ഷീറ്റ് 3.4 (കൈ അമർത്തൂ, പൂമ്പാറ്റയെ വരയ്ക്കൂ)

↓

18. കൈ കഴുകൽ കളി കൈ തോർത്തൽ കളി

## വർക്ക്ഷീറ്റ് - 3.1 ഞാൻ തനിയെ ചെയ്യുന്നത്.

വികാസ മേഖല : വൈജ്ഞാനിക വികാസം

ശേഷി : ആരോഗ്യശീലങ്ങൾ, ശുചിത്വശീലങ്ങൾ എന്നിവയെക്കുറിച്ച് അറിയുന്നു (36).

ആശയം : ശരീരം വൃത്തിയായി സൂക്ഷിക്കണം. (കുളിക്കണം, പല്ലുതേക്കണം, നഖം മുറിക്കണം, വൃത്തിയുള്ള വസ്ത്രം ധരിക്കണം)

സാമഗ്രി : വർക്ക്ഷീറ്റ്

സന്ദർഭം : 'എന്റെ പാവക്കുട്ടി' എന്ന പാട്ടിന്റെ തുടർച്ചയായി അവതരിപ്പിക്കാം

പ്രക്രിയ :

- ആഖ്യാനം : മനുവും മിനിയും ഒരേ വീട്ടിലുള്ളവരാണ്. അച്ഛനമ്മമാരും ടീച്ചർമാരും അവരെപ്പറ്റി നല്ലതേ പറയാറുള്ളൂ.
  മിടുക്കരാണവർ. കാലത്തുതന്നെ എഴുന്നേൽക്കും.
  എല്ലാകാര്യങ്ങളും സ്വന്തമായിത്തന്നെ ചെയ്യും.
  അവർ ചെയ്യുന്നതെന്തൊക്കെ എന്നറിയണോ? രാവിലെ ആദ്യം ചെയ്തത് ഏതായിരിക്കും?
- വർക്ക്ഷീറ്റ് 3.1 "ഞാൻ തനിയെ ചെയ്യുന്നത്" നൽകുന്നു.
  - ചിത്രം നോക്കി ചെയ്യുന്ന കാര്യങ്ങൾ പറയട്ടെ.
  - ഇതിൽ നിങ്ങൾ തനിയെ ചെയ്യുന്നവ ഏതൊക്കെയാണ്?
  - അവയുടെ ചുറ്റും വട്ടം വരയ്ക്കൂ.
  തുടർന്ന് പ്രവർത്തനങ്ങൾ മൈം ചെയ്യുന്നു

## വിലയിരുത്തൽ

- ചിത്രത്തിലെ ശുചിത്വശീലങ്ങൾ തിരിച്ചറിഞ്ഞിട്ടുണ്ട്.
- സ്വയം ചെയ്യുന്നവയ്ക്കുചുറ്റും വരച്ചിട്ടുണ്ട്.

## വർക്ക്ഷീറ്റ് - 3.2 ചങ്ങാതിയെ കണ്ടെത്താം

വികാസ മേഖല : വൈജ്ഞാനിക വികാസം

ശേഷി : ആരോഗ്യശീലങ്ങൾ/ ശുചിത്വശീലങ്ങൾ എന്നിവയെക്കുറിച്ച് അറിയുന്നു (36).

ആശയങ്ങൾ :
- ശരീരം വൃത്തിയായി സൂക്ഷിക്കണം.
- ശരീരം വൃത്തിയായി സൂക്ഷിച്ചില്ലെങ്കിൽ അസുഖം വരും.

സാമഗ്രികൾ : ശുചിത്വത്തിനുപയോഗിക്കുന്ന വസ്തുക്കൾ

സന്ദർഭം : ശുചിത്വശീലങ്ങളെക്കുറിച്ചും (കുളി, പല്ലുതേപ്പ്, നഖം വെട്ടൽ...) അവ പാലിക്കുന്നതിനുവേണ്ട വസ്തുക്കളെക്കുറിച്ചുമുള്ള ചർച്ചയുടെ തുടർച്ചയായി വർക്ക്ഷീറ്റ് അവതരിപ്പിക്കാം.

പ്രക്രിയ :

ആഖ്യാനം : ഒരു കഥ ടീച്ചർ പറയട്ടെ. ഒരിടത്ത് ഒരു വീടുണ്ടായിരുന്നു. ഒരു ദിവസം രാവിലെ മുതൽ വീട്ടിലെ എല്ലാവരും ആകെ കുഴഞ്ഞു. എല്ലാവർക്കും മറവിയാണ്. പല കാര്യങ്ങളും മറന്നു. അതിനാൽ ആകെ പ്രശ്നം. അമ്മ അടുക്കളയിൽ കഞ്ഞി വെക്കാൻ വെള്ളം

വെച്ചു. പക്ഷേ തീ കത്തിക്കാൻ മറന്നു. അച്ഛൻ ജോലിക്ക് പോകാൻ ഷർട്ടിട്ടു. പക്ഷേ ബട്ടൺസിടാൻ മറന്നു. അബി കുളിച്ചു വന്നു. കണ്ണാടിയുടെ മുന്നിലെത്തി എന്തോ മറന്നു. നിവേദിന് കുളിക്കണം പൈപ്പ് തുറന്നു. ബക്കറ്റിൽ നിറച്ചു. ഓ...മറന്നല്ലോ. അബി തൊടിയിലേക്ക് പോകുകയാണ്. ഇന്നലെ വിരിഞ്ഞ മൊട്ട് പൂവായി കാണുമോ? അവൻ ഉമ്മറത്തെത്തി. അയ്യോ മറന്നല്ലോ? കാലിൽ മണ്ണ് പുരളില്ലേ? അഞ്ജു ടോയ്‌ലറ്റിൽ പോയി വന്നു. കൈ വൃത്തിയാക്കണം. വെള്ളം മാത്രം പോരല്ലോ? നിവേദിന് പല്ലുതേക്കണം. അവൻ പേസ്റ്റെടുത്തു. അയ്യോ മറന്നല്ലോ? ഓരോചിത്രവും വെച്ച് കഥാപാത്രങ്ങൾ ചെയ്യാൻ പോകുന്നതെന്താണെന്ന് കണ്ടെത്തി പറയട്ടെ. പ്രതികരണം പൂർണമായ ശേഷം വർക്ക് ഷീറ്റിൽ വരച്ചു യോജിപ്പിച്ചാൽ മതി.

- ചിത്രനിരീക്ഷണം

- വർക്ക്ഷീറ്റ്-3.2 'ചങ്ങാതിയെ കണ്ടെത്താം'
- ചിത്രവായന
  - ചിത്രത്തിൽകാണുന്ന കാര്യങ്ങളെക്കുറിച്ച് പറയൽ.
  - കുളിക്കുമ്പോൾ ശരീരം വൃത്തിയാക്കാൻ ഉപയോഗിക്കുന്ന വസ്തുക്കൾ എന്തൊക്കെ? (സോപ്പ്, ചെറുപയർപൊടി, വാകപ്പൊടി... പ്രാദേശികമായി ഉപയോഗിക്കുന്നവയും ചർച്ചയിൽ വരണം.)
  - പല്ല് തേയ്ക്കാൻ എന്തൊക്കെ നാട്ടിൽ ഉപയോഗിക്കാറുണ്ട്? (ടൂത്ത്ബ്രഷ്, പേസ്റ്റ്, ഉമിക്കരി, മാവില...)
  - മുടിചീകി ഒതുക്കാനോ ?
  - നഖം വെട്ടുന്നതിനോ ?
  - ചർച്ചയ്ക്കുശേഷം വർക്ക്ഷീറ്റിൽ യോജിച്ചവ തമ്മിൽ വരച്ചുചേർക്കുന്നു.
  - ശുചിത്വം പാലിച്ചില്ലെങ്കിൽ എന്താണു സംഭവിക്കുക? ചർച്ച, ക്രോഡീകരണം.

## വിലയിരുത്തൽ

- അനുയോജ്യമായവ തമ്മിൽ വരച്ചു ചേർക്കാൻ കഴിഞ്ഞിട്ടുണ്ട്.
- ചർച്ചയിൽ പങ്കെടുത്ത് സ്വന്തം അഭിപ്രായങ്ങൾ പറയാൻ കഴിയുന്നുണ്ട്.

## വർക്ക്ഷീറ്റ് - 3.3 മുറി വൃത്തിയാക്കാമോ ?

**വികാസ മേഖലകൾ** :
- വൈജ്ഞാനിക വികാസം
- സാമൂഹികവികാസം
- ഭാഷാവികാസം

**ശേഷികൾ** :
1) ആരോഗ്യ, ശുചിത്വ ശീലങ്ങളെക്കുറിച്ച് അറിയുന്നു (36).
2) വസ്തുക്കളുടെയും സംഭവങ്ങളുടെയും ചിത്രങ്ങൾ നിരീക്ഷിച്ച് വിശദാംശങ്ങളും കണ്ടെത്തലുകളും അവതരിപ്പിക്കാൻ കഴിയുന്നു (21).

**ആശയം** : ക്ലാസും വീടും ചുറ്റുപാടും വൃത്തിയായി സൂക്ഷിക്കണം.

**സാമഗ്രികൾ** : വർക്ക്ഷീറ്റ്

**പ്രക്രിയ** :

- ആഖ്യാനം : അബിയുടെ വീട്ടിൽ മുറിയിലാകെ പല വസ്തുക്കളും ചിതറിക്കിടക്കുന്നു. അബിയുടെ കൂട്ടുകാരായ പൂച്ചയും പട്ടിയും കൂടി കളിക്കുന്നതാണ്. എന്നും കളിയായതിനാൽ ഒന്നും അടുക്കിവെക്കില്ല. രാവിലെ ബുക്ക് തിരഞ്ഞാൽ കാണില്ല. പെൻസിൽ നോക്കിയാൽ കിട്ടില്ല. “എന്താ അബീ ഇങ്ങനെ? ഞാനും സഹായിക്കാം. ഓരോന്നും അതാതിന്റെ സ്ഥാനത്ത് വെച്ചാൽ എന്തൊരു വൃത്തിയായിരിക്കും?” അഞ്ജു പറഞ്ഞു. അവർ രണ്ടു പേരും കൂടി ഓരോന്നും അതാതിന്റെ സ്ഥാനത്ത് അടുക്കിവെച്ചു. അപ്പോൾ പൂച്ച വന്നു. ഒരു തട്ട് “എല്ലാം തരികിടധോം!”. താഴെ വീണു. അഞ്ജു വടിയെടുത്തു. പൂച്ച വാലും നീട്ടി ഓടി. അപ്പോൾ അതാ വരുന്നു പട്ടി. ഒരു തട്ട്. “എല്ലാം തരികിടധോം!”. അഞ്ജു വടിയെടുത്തു. പട്ടി മോങ്ങിക്കൊണ്ടോടി. പുറത്ത് പട്ടിയുടെ മോങ്ങലും പൂച്ചേടെ കരച്ചിലും. (ശബ്ദാനുകരണം) കുറേ കഴിഞ്ഞപ്പോൾ അവർ രണ്ടുപേരും പാത്തു പതുങ്ങി വന്നു. ഞങ്ങൾ നല്ല കൂട്ടുകാരാ. തല്ലരുത്. ഇനി തരികിടധോം ഇല്ല. എല്ലാം ഞങ്ങൾ അടുക്കി വെക്കാം. അഞ്ജു പറഞ്ഞു. ‘കൊള്ളാം വരൂ’. നമ്മുക്കെല്ലാവർക്കും കൂടി വൃത്തിയാക്കാം.
  - ഇതാണ് അബിയുടെ മുറി.
- വർക്ക്ഷീറ്റ് 3.3 ‘മുറി വൃത്തിയാക്കാമോ’? നൽകുന്നു.
- ചിത്രവായന
  - ചിത്രത്തിൽ എന്തൊക്കെ?
  - അവ വെക്കേണ്ട സ്ഥലം ഏതാണ്?
  - ഓരോന്നിനെയും അതതിന്റെ സ്ഥലത്തേക്ക് വരച്ചുചേർക്കുന്നു.

## വിലയിരുത്തൽ :

- വസ്തുക്കൾ തിരിച്ചറിഞ്ഞ് പറയാൻ കഴിയുന്നുണ്ട്.
- ഓരോന്നും സൂക്ഷിക്കേണ്ട സ്ഥലം തിരിച്ചറിഞ്ഞ് യഥാസ്ഥാനത്തേക്ക് വരച്ചു ചേർക്കാൻ കഴിയുന്നുണ്ട്.

## വർക്ക്ഷീറ്റ് - 3.4 കൈ അമർത്തൂ.... പൂമ്പാറ്റയെ വരയ്ക്കൂ

**വികാസ മേഖലകൾ** :
- ശാരീരിക ചാലക വികാസം
- സർഗാത്മക വികാസം

**ശേഷികൾ** : കൈവിരൽ ഉപയോഗിച്ച് ചിത്രങ്ങൾ വരയ്ക്കുന്നു (4).

**സാമഗ്രികൾ** : പേപ്പർ പ്ലേറ്റ്, കോട്ടൺ/സ്പോഞ്ച്, ചായം, സ്കെച്ച് പേനകൾ.

**പ്രകിയ** :

- ആഖ്യാനം : റഹിം പൂന്തോട്ടത്തിൽ എത്തി. പൂവ് വിരിഞ്ഞിരിക്കുന്നു. നല്ല പൂവ്.

അവൻ അടുത്തെത്തി. കൈ നീട്ടി.
പെട്ടെന്ന് പൂവ് മുകളിലേക്കുയർന്നു.
"അയ്യോ! അത് പൂമ്പാറ്റയായിരുന്നോ!"
പൂമ്പാറ്റ കളിയാക്കി ചിരിച്ചു. അവൻ മുറിയിലെത്തി. കടലാസ് എടുത്തു. ക്രയോണുകളും. പൂമ്പാറ്റയെ വരയ്ക്കാൻ തുടങ്ങി. ശരിയാവുന്നില്ല. ഉമ്മ വന്നു. റഹിം സങ്കടപ്പെട്ടിരിക്കുന്നു. "മോനേ നിന്റെ കൈയിൽ ചായമില്ലേ?" "ഉണ്ടമ്മേ".
"എന്നാൽ പൂമ്പാറ്റയെ വരക്കാൻ എളുപ്പമുണ്ട്". അമ്മ പറഞ്ഞതു പോലെ അവൻ പൂമ്പാറ്റയെ വരച്ചു. പറന്നു പോയ പൂമ്പാറ്റ അതു കണ്ടു. എന്തു ചന്തം! റഹിം ചിരിച്ചു.
ഉമ്മ പറഞ്ഞപോലെ നമുക്കും പൂമ്പാറ്റയെ വരയ്ക്കാം.

വർക്ക്ഷീറ്റ്–3.4 'കൈ അമർത്തൂ, പൂമ്പാറ്റയെ വരയ്ക്കൂ' നൽകുന്നു.

- പേപ്പർപ്ലേറ്റിൽ ചായം കലക്കിവയ്ക്കുന്നു. (സ്പോഞ്ച്/ കോട്ടൺ ഉപയോഗിച്ചാൽ ചായം തൂവിപ്പോവാതെ സൂക്ഷിക്കാം.)
- കുട്ടികൾ ഇരുകൈപ്പത്തികളും ചായത്തിൽമുക്കി വർക്ക്ഷീറ്റിലെ പൂമ്പാറ്റയുടെ ഉടലിന്റെ ഇരുവശങ്ങളിലുമായി അമർത്തുന്നു.
- ഇപ്പോൾ ചിറകുള്ള ഒരു പൂമ്പാറ്റയുടെ ചിത്രം കിട്ടിയില്ലേ?
- ഉണങ്ങിയശേഷം സ്കെച്ച്പേന കൊണ്ട് പൂമ്പാറ്റച്ചിറകിൽ പുള്ളികൾ വരച്ച് ആകർഷകമാക്കാം.

## വിലയിരുത്തൽ

- ചിത്രത്തിന്റെ ആകർഷണീയത.

# തീം 4 മഴയും കാലാവസ്ഥയും

നിറം നൽകാനുള്ള പ്രവർത്തനത്തിൽ നിർദേശങ്ങൾ ആവശ്യമുണ്ട്. ചിത്രത്തിന്റെ അതിരിനോട് ചേർന്ന് ആദ്യം നിറം നൽകണം. (ക്രയോൺസ്, സ്കെച്ച് പേന, ചായം ഇവ ഉപയോഗിക്കുമ്പോൾ) അതിരിനോട് ചേർന്ന് നിറം നൽകിയ ശേഷം അതിനോട് ചേർന്ന് ഉള്ളിലേക്ക് ശ്രദ്ധയോടെ നിറം കൊടുക്കാൻ ആവശ്യപ്പെടണം. മാതൃക കാണിക്കണം. തലങ്ങനെയും വിലങ്ങനെയും വരക്കുന്നത് ഒഴിവാക്കണം. വ്യത്യസ്ത നിറങ്ങൾ അടുത്തടുത്ത് നൽകേണ്ടിവരുമ്പോൾ (കുട) കട്ടിനിറവും ഇളം നിറവും ഇടവിട്ട് നൽകുന്നതു നന്നായിരിക്കും.

## പ്രവർത്തനക്രമം

1. മാജിക്ക് മഴ

   'മഴവീഴ്ത്തി' ഉപയോഗിച്ച് അനുസരിക്കുന്ന മഴ ചെയ്യിക്കൽ (പ്ലാസ്റ്റിക്ക് കുപ്പിയുടെ അടിയിൽ നിറയെ ദ്വാരങ്ങളും വശത്ത് മുകളിൽ ഒരു ദ്വാരവും ഇടുന്നു. കുപ്പിയിൽ വെള്ളം നിറച്ച് മൂടി ഇടുന്നു. വശത്തെ ദ്വാരത്തിൽ വിരൽ അമർത്തിപ്പിടിച്ചാൽ വെള്ളം താഴെ വീഴില്ല. വിരൽ അയച്ച് കൊടുക്കുമ്പോൾ മഴ പോലെ പെയ്യും. ഇതാണ് അനുസരിക്കുന്ന മഴ)

   ↓

2. ചോദ്യോത്തരപ്പാട്ട്

   "മഴപെയ്യുന്നേ മഴപെയ്യുന്നേ
   മഴയെ പേടിച്ചോടിക്കോ
   മഴയെപ്പേടി എനിക്കില്ല
   കുടയുണ്ടേ...കുടയുണ്ടേ..
   മഴ പെയ്യുന്നേ...
   തൊപ്പിയുണ്ടേ....തൊപ്പിയുണ്ടേ
   കോട്ടുണ്ടേ കോട്ടുണ്ടേ...."

   ടീച്ചർ കുട, തൊപ്പി, മഴക്കോട്ട് ചിത്രം കാണിക്കുന്നതനുസരിച്ച് കുട്ടികൾ രണ്ട് സംഘമായി പാടുന്നു.

   ↓

3. വർക്ക് ഷീറ്റ് 4.1 "കണ്ടെത്താം, നിറ നൽകാം" നൽകൽ

   ↓

4. കുട റിലേ-കളി.

   3 പേരുള്ള രണ്ട് സംഘങ്ങൾ. ഓരോ സംഘത്തിനും തുറന്ന ഒരു കുട. നിശ്ചിത സ്ഥലത്ത് നിൽക്കുന്നവർക്ക് ഓടിച്ചെന്ന് കുട കൈമാറണം-ആദ്യം ഫിനിഷ് ചെയ്യുന്ന ഗ്രൂപ്പ് വിജയികൾ.

   ↓

5. അനുഭവം പറയൽ

   തുറന്ന കുടയുമായി ഓടിയപ്പോഴത്തെ അനുഭവം. കാറ്റുള്ളപ്പോൾ തുറന്ന കുടയുമായി പോയ അനുഭവം തുടങ്ങിയവ.

   ↓

6. സ്റ്റെൻസിൽ കുട നിർമാണം. കട്ടിക്കടലാസിൽ കുട വരച്ച് വെട്ടിയെടുക്കുന്നു. ഓരോരുത്തർക്കം കിട്ടിയ കഷണങ്ങൾ ഒട്ടിച്ച് കുടയാക്കുന്നു.

↓

7. സ്റ്റെൻസിൽ കടലാസിൽ അമർത്തി വെച്ച് മുറിച്ചു മാറ്റിയ ഒഴിഞ്ഞ കളങ്ങളിൽ ക്രയോൺ കൊണ്ട് നിറം നൽകുന്നു. (ഇത് പോലെ തൊപ്പി, റെയിൻ കോട്ട്).

↓

8. മഴക്കഥ പറയൽ -

(മഴ പെയ്ത് മുറ്റത്ത് വെള്ളം നിറഞ്ഞത്. കടലാസ് തോണി ഒഴുക്കിയത്. തോട്ടിൽ മീനുകൾ-വഴിയിൽ വെള്ളം കെട്ടിനിന്നത്-വാഹനം ചെളി വെള്ളം തെറിപ്പിച്ചത്....ഉൾക്കൊള്ളുന്ന കഥ പറയുന്നു.)

↓

9. വർക്ക്ഷീറ്റ് 4.2 "കടലാസുതോണി" നൽകൽ

↓

10. തോണി നിർമിക്കൽ

ത്രികോണാകൃതിയിലുള്ള കടലാസുകൾ നൽകുന്നു. മടക്കി തോണിയുടെ ആകൃതിയിലാക്കുന്നു. നിറം നൽകുന്നു. ബിഗ് പിക്ചറിൽ ഒട്ടിക്കുന്നു.

↓

11. മഴപ്പാട്ട് പാടൽ

↓

12. തവളച്ചേട്ടൻ ശബ്ദാനുകരണം

↓

13. വർക്ക്ഷീറ്റ് 4.3 "മഴയോ മഴ" നൽകൽ

↓

14. ചൂടും തണുപ്പും സ്റ്റീൽ ഗ്ലാസുകളിൽ ചൂടുവെള്ളവും പച്ചവെള്ളവും വെക്കുന്നു. തൊട്ടുനോക്കി പറയൽ.

↓

15. മഴക്കൈയ്യടി

↓

16. വർണമഴ

ചില്ലു ഗ്ലാസിൽ വെള്ളം നിറച്ച് മുകളിൽ പൊട്ടാസ്യം പർമാംഗനേറ്റ് തരികൾ വിതറുന്നു. അവ വെള്ളത്തിൽ താഴുന്നത് നിരീക്ഷിക്കുന്നു.

↓

17. സ്വതന്ത്ര ചിത്രരചന

തറയിൽ/കടലാസിൽ ഇഷ്ടമുള്ള ചിത്രം വരയ്ക്കൽ

↓

18. വീഡിയോ കാണൽ

മഴ, വേനൽ ഇവയുടെ ദൃശ്യാനുഭവങ്ങൾ ചിത്രീകരിച്ച വീഡിയോ നിരീക്ഷിക്കുന്നു. ചർച്ച.

↓

19. വർക്ക്ഷീറ്റ് 4.4 "നിറം നൽകാം" നൽകൽ

(കുടയ്ക്ക് നിറം നൽകൽ)

↓

20. വെള്ളത്തിന്റെ ഉപയോഗങ്ങൾ (പാട്ട്)

## വർക്ക്ഷീറ്റ് -4. 1 കണ്ടെത്താം, നിറം നൽകാം.

**വികാസ മേഖലകൾ** :
- വൈജ്ഞാനികവികാസം
- ശാരീരിക-ചാലക വികാസം

**ശേഷികൾ** :
1) ഗണിതധാരണയുടെ അടിസ്ഥാനത്തിൽ നിരീക്ഷിച്ച് സ്ഥാനം കണ്ടെത്തുന്നു. (കൂടുതലുള്ളത്) (38)
2) ഗണിതപ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയുന്നു. (കൂടുതൽ/ കുറവ് കണ്ടെത്തൽ) (46)
3) ക്രയോൺ ഉപയോഗിച്ച് നിറം നൽകാൻ കഴിയുന്നു (5).

**ആശയങ്ങൾ** :
- മഴ പെയ്യുമ്പോൾ ധാരാളം വെള്ളം ലഭിക്കുന്നു.
- മഴയുള്ളകാലവും മഴയില്ലാത്ത കാലവും ഉണ്ട്.

**സാമഗ്രികൾ** : ക്രയോണുകൾ/സ്കെച്ച് പേന.

**സന്ദർഭം** : മഴയത്ത് കുട ചൂടി നടക്കുകയാണ് അമ്മുവും മീനുവും നിമ്മിയും. "ഹായ്! എന്തു രസം!" മഴയത്ത് നടക്കുന്നതിനിടയിൽ കുട വട്ടത്തിൽ കറക്കിക്കൊണ്ട് അമ്മു പറഞ്ഞു. അതു കണ്ട് മറ്റുള്ളവരും അതുപോലെ ചെയ്തു. അമ്മുവിന്റെ കുടയ്ക്ക് നീല നിറമാണ്. മീനുവിന് വലിയ കുടയാണ്. വളയൻ കാലുള്ള കുടയാണ് നിമ്മിക്ക്... മഴയുമായും മഴകൊള്ളാതിരിക്കാനുള്ള വസ്തുക്കളുമായും ബന്ധപ്പെട്ട ചോദ്യോത്തരപ്പാട്ടിനു ശേഷം അവതരിപ്പിക്കുന്നു.

**പ്രക്രിയ**

- ആഖ്യാനം : കൂട്ടുകാരെല്ലം ടോയ്ലറ്റിൽ പോയി വരികയായിരുന്നു. പെട്ടെന്ന് മഴ പെയ്തു. എല്ലാവരും കുടയെടുത്തിരുന്നില്ല. കൂട്ടുകാരുടെ കുടയുടെ കീഴിലേക്ക് ഓടിക്കയറി. മഴയ്ക്കും കുടയുടെ കീഴിൽ കയറാൻ കൊതി. കാറ്റ് മഴയെ സഹായിച്ചു. മഴ കുടക്കീഴിൽ കയറി. കുട്ടികൾ നനഞ്ഞു. "മഴ നനഞ്ഞാൽ പനി പിടിക്കും" കുട്ടികൾ പറഞ്ഞു. ദേഹത്താകെ വെള്ളം. 'കുട കുട കുട' എന്നു മഴ പറഞ്ഞു. 'മഴേ, കുട ഞ്ഞാലും പോകില്ല. നനഞ്ഞതു കണ്ടോ?' "എന്നെ ഇഷ്ടമല്ലെങ്കിൽ ഞാൻ പോയേക്കാം" മഴ പറഞ്ഞു. മഴ പോയി കുട്ടികൾ കുട മടക്കി. ഈ സമയം പാത്തു നിന്ന മഴ വീണ്ടും പെയ്തു. കുട്ടികൾ ഓടിക്കുടക്കീഴിൽ കയറി. അപ്പോൾ മഴ നിന്നു. കുടമടക്കി. മഴ പെച്തു. മഴക്കളി തുടർന്നു. ചിത്രം നോക്കൂ
- വർക്ക്ഷീറ്റ് 4.1 "കണ്ടെത്താം നിറം നൽകാം" വിതരണം ചെയ്യുന്നു.
- ചിത്രവായന
  - ചിത്രത്തിലെന്തൊക്കെ ? (പറയൽ )
  - എല്ലാ കുടകളിലും കുട്ടികളുടെ എണ്ണം ഒരുപോലെയാണോ?
  - ഏതു കുടയിലാണ് കൂടുതൽ കുട്ടികൾ?
  - ആ ചിത്രത്തിന് വട്ടം വരയ്ക്കൂ.
  - കുടകൾക്ക് നിറം നൽകൂ.

## വിലയിരുത്തൽ

- ചിത്രത്തിലെന്തൊക്കെയെന്ന് പറയാൻ കഴിയുന്നുണ്ട്.
- എണ്ണം കൂടുതലുള്ള ചിത്രത്തിന് വട്ടം വരച്ചിട്ടുണ്ട്.
- കുടക്ക് നിറം നൽകാൻ കഴിയുന്നുണ്ട്.

## വർക്ക്ഷീറ്റ് -4.2 കടലാസുതോണി

**വികാസ മേഖല** : ശാരീരിക-ചാലക വികാസം

**ശേഷി** : ക്രയോൺ ഉപയോഗിച്ച് നിറം നൽകാൻ കഴിയുന്നു (4).

**ആശയങ്ങൾ** :
- മഴയുള്ള കാലവും മഴയില്ലാത്ത കാലവുമുണ്ട്.
- മഴയോടൊപ്പം കാറ്റ്, ഇടി, മിന്നൽ എന്നിവ ഉണ്ടാകാറുണ്ട്.
- മഴ പെയ്യുമ്പോൾ ധാരാളം വെള്ളം ലഭിക്കുന്നു.

**സാമഗ്രി** : ക്രയോൺസ്

**സന്ദർഭം** : മഴയുമായി ബന്ധപ്പെട്ട കഥാവതരണത്തിന് ശേഷം വർക്ക് ഷീറ്റ് നൽകുന്നു.

**പ്രക്രിയ**

- ആഖ്യാനം : രാവിലെ മുതൽ മഴ തന്നെ മഴ! റിങ്കുവും റിജുവും പുറത്തിറങ്ങാൻ കഴിയാതെ വീട്ടിനുള്ളിൽ തന്നെ. എന്തൊരു തണുപ്പ്? അവൾ പുതപ്പെടുത്ത് മൂടി പുതച്ചു. ഠോ...ഠോ...ഠോ... ജനലിലൂടെ ഒരു വെളിച്ചവും ശബ്ദവും. പേടിച്ചു പോയി. ഇടിയും മിന്നലും ഇട വിട്ട് ഉണ്ടായി. ജനലിലൂടെ നോക്കി. കാറ്റിൽ മരങ്ങൾ ആടിയുലയുന്നു. തോരാത്ത മഴ. കുറെക്കഴിഞ്ഞു. മഴ മാറി. മുറ്റത്ത് വെള്ളം-ചുവന്ന നിറത്തിൽ അത് തോട്ടിലേക്ക് ഒഴുകുന്നു. റിങ്കൂ നമുക്ക് തോണിയുണ്ടാക്കിയാലോ? തോട്ടിൽ ഒഴുക്കി വിടാം. ഉണ്ടാക്കിയ കടലാസു തോണികളുമായി രണ്ടുപേരും തോട്ടിൻകരയിലെത്തി.
- വർക്ക്ഷീറ്റ്-4.2 'കടലാസു തോണി' നൽകുന്നു.
- ചിത്രവായന
  - റിങ്കുവിനെയും റിജുവിനേയും കണ്ടോ? വേറെ എന്തൊക്കെയാണ് ചിത്രത്തിൽ?
  - തോണികൾക്ക് മാത്രം നിറമില്ല. നമുക്ക് നിറം കൊടുത്താലോ?
  - വള്ളങ്ങൾക്ക് നിറം നൽകുന്നു.
- ആഖ്യാനം (തുടർച്ച) റിങ്കുവും റിജുവും തോണി ഒഴുക്കി. അപ്പോൾ ഒരു മീൻ തോണിയിൽ കയറി. കൊള്ളാമല്ലോ! ഒരു തവള റിജുവിന്റെ തോണിയിലും കയറി. നീർക്കോലി ഇതു കണ്ടു. തവള ഒറ്റച്ചാട്ടം. മീൻവള്ളം വേഗം തുഴഞ്ഞ് ദൂരേക്ക് പോയി. പേടിച്ച കുട്ടികൾ അമ്മയുടെ അടുത്തേക്കും ഓടി.

## വിലയിരുത്തൽ

- ചിത്രത്തിൽ ഉള്ളവ തിരിച്ചറിഞ്ഞിട്ടുണ്ട്.
- തോണികൾ കണ്ടെത്തി നിറം നൽകിയിട്ടുണ്ട്.

- തോണികൾക്ക് കൃത്യമായി നിറം നൽകിയിട്ടുണ്ട്.
- ചിത്രത്തിലെ കാഴ്ചകൾ പറയാൻ കഴിയുന്നുണ്ട്.

## വർക്ക്ഷീറ്റ് - 4.3 "മഴയോ മഴ."

**വികാസമേഖലകൾ** :
- വൈജ്ഞാനികവികാസം
- ശാരീരിക ചാലക വികാസം

**ശേഷികൾ** :
1) ഗണിതപ്രശ്നങ്ങൾ പരിഹരിക്കുവാൻ കഴിയുന്നു. (വലുത് ഏതെന്ന് കണ്ടെത്തൽ) (46)
2) ഗണിത ധാരണയുടെ അടിസ്ഥാനത്തിൽ നിരീക്ഷിച്ച് സ്ഥാനം കണ്ടെത്തുന്നു. (38)
3) ക്രയോൺ ഉപയോഗിച്ച് നിറം നൽകാൻ കഴിയുന്നു (5).

**ആശയങ്ങൾ** :
- മഴ പെയ്യുമ്പോൾ ധാരാളം വെള്ളം ലഭിക്കുന്നു.
- മഴക്കാലത്ത് ചെടികൾ വളരുന്നു.
- മഴ പെയ്യുമ്പോൽ വെള്ളം ഉണ്ടാവുന്നു.

**സാമഗ്രി** : ക്രയോൺസ്

**സന്ദർഭം** : താമരക്കുളത്തിലായിരുന്നു പച്ചത്തവളയുടെ താമസം. ഒരു ദിവസം പൂക്കൾക്കിടയിലൂടെ ചാടിനടക്കുകയായിരുന്നു പച്ചത്തവള. അപ്പോഴതാ നല്ല മഴ ! തവളച്ചേട്ടന്റെ ശബ്ദാനുകരണത്തിന്റെ തുടർച്ചയായി വർക്ക്ഷീറ്റ് നൽകുന്നു.

**പ്രക്രിയ**

- ആഖ്യാനം : റിങ്കുവിന്റെയും റിജുവിന്റെയും തോണികൾ തോട്ടിലൂടെ മത്സരിച്ച് ഒഴുകി. "ഞാൻ മുന്നിലെത്തും ഞാൻ മുന്നിലെത്തും." അവർ പറഞ്ഞു. താമരപ്പൂക്കൾക്കിടയിൽ മഴ നനയാതെ ഇലയും ചൂടിയിരിക്കുകയായിരുന്നു തവളച്ചേട്ടൻ.
"അതെന്താ ഒഴുകി വരുന്നത്. കടലാസു തോണികളല്ലേ?'' വലിയ താമരപ്പൂവും കടന്ന് തോണികൾ ഒഴുകി വന്നു. അവയുടെ മത്സരം തവളയ്ക്കു പിടിച്ചില്ല. തവള ഒറ്റച്ചാട്ടം. തോണികൾ രണ്ടും മുങ്ങി. തവള ഒപ്പം മുങ്ങിച്ചെന്ന് തോണികളെ എടുത്തു ഇലയിൽ വെച്ചു. "വെയിലു വരും അപ്പോ ഉണങ്ങും. അന്നേരം രണ്ടു പേരും കൂടി പൊയ്ക്കോ.'' തവള പറഞ്ഞു. പാവം തോണികൾ. വെയിലും കാത്തിരുന്നു. വെയിലു വന്നു. കാര്യം ചോദിച്ചു. "ഞാൻ ഉണക്കിയാൽ പ്രശ്നം പരിഹരിക്കുമോ? ഉം. "എന്നാൽ പിന്നെ വരാം." വെയിലു പറഞ്ഞു. അപ്പോൾ കാറ്റ് അതുവഴി വന്നു. രണ്ടിനെയും കരയിലേക്ക് കോരിയെടുത്തു വെച്ചു. റിങ്കുവും റിജുവും വന്ന് തോണികൾ എടുത്തു.

വർക്ക് ഷീറ്റ്-4.3 'മഴയോ മഴ' നൽകുന്നു.

ചിത്രവായന
- ഏതാണ് വലിയ പൂവ്? കണ്ടെത്തി നിറം കൊടുക്കാമോ?
- ചിത്രത്തിൽ വേറെ എന്തൊക്കെയുണ്ട്?
- പ്രതികരിക്കുന്നു.

- എന്തിനാ പച്ചത്തവള ഇല തലയ്ക്കുമേലേ പിടിച്ചിരിക്കുന്നത്?
- എങ്ങനെയാ മഴ പെയ്യുന്നത്?
- മഴത്തുള്ളികൾ കണ്ടിട്ടില്ലേ?
- ചിത്രത്തിൽ മഴത്തുള്ളികൾ വരച്ചു ചേർക്കൽ.

## വിലയിരുത്തൽ

- മഴത്തുള്ളികൾ കൃത്യമായി വരച്ചുചേർത്തിട്ടുണ്ട്.
- വലിയ പൂവിന് നിറം നൽകിയിട്ടുണ്ട്.

## വർക്ക്ഷീറ്റ് 4.4 "നിറം നൽകാം"

**വികാസ മേഖലകൾ** :
- സർഗാത്മക-സൗന്ദര്യാത്മക വികാസം
- ശാരീരിക ചാലക വികാസം

**ശേഷി** : ക്രയോൺ ഉപയോഗിച്ച് സ്വതന്ത്രമായി ചിത്രങ്ങൾക്ക് നിറം നൽകാൻ കഴിയുന്നു (4).

**സാമഗ്രി** : ക്രയോൺസ്

**സന്ദർഭം** : മഴയുമായി ബന്ധപ്പെട്ട അനുഭവം പറയുന്നു.ക്ലാസിൽ കുടയുടെ പ്രദർശനം സംഘടിപ്പിക്കുന്നു. തുടർന്ന് വേനൽക്കാലം/മഴക്കാലം എന്നിവ പ്രതിപാദിക്കുന്ന വീഡിയോകൾ കണ്ടശേഷം ചർച്ച.

**പ്രക്രിയ** റിങ്കു ആനയോളം വലുപ്പമുള്ള വലിയ വർണക്കുടയിൽ കയറി ആകാശത്തു കൂടി പറക്കുകയാണ്.

- ആഖ്യാനം : "ഹായ്! അതല്ലേ എന്റെ സ്കൂൾ". ഓരോരോ കാഴ്ചകൾ. "അതാ, വീടിനടുത്തുള്ള തോട്", അത് ഒഴുകി വയലിലൂടെ പോകുന്നു. എത്ര നീളമാണ് തോടിന്. വയലിലും വെള്ളം... എന്തുരസമാണ്. അയ്യോ! റിങ്കു പറന്നു നീങ്ങി. അപ്പൂപ്പൻ താടിപോലെ. ഇപ്പം ആ മരക്കൊമ്പിൽ തട്ടി എന്റെ കുട പൊളിയും. മരക്കൊമ്പിനോട് കുട അടുത്തടുത്തു വന്നു. മരക്കൊമ്പിലിടിക്കാതിരിക്കാൻ റിങ്കു വലത്തോട്ട് ഒഴിഞ്ഞു മാറി. താഴെ വീണു. പെട്ടെന്ന് അവൾ ഞെട്ടിയുണർന്നു. കട്ടിലിൽ നിന്നും വീണതാണ്. എഴുന്നേറ്റിരുന്നു. അമ്മ അടുത്ത് തന്നെയുണ്ട്. റിങ്കു ഉറക്കത്തിൽ സ്വപ്നം കണ്ടതായിരുന്നു. റിങ്കു സ്വപ്നത്തിൽ കണ്ട തന്റെ അത്ഭുതക്കുട വരച്ചു.

**വർക്ക്ഷീറ്റ്-4.4 "നിറം നൽകാം"** നൽകുന്നു.

- അയ്യോ റിങ്കുവിന്റെ കുടയ്ക്ക് നിറമില്ല. നമുക്ക് നിറം കൊടുത്താലോ?
- കുടയ്ക്ക് നിറം നൽകൂ.
- ടീച്ചർ നിറം നൽകാൻ ആവശ്യമായ നിർദ്ദേശം നൽകുന്നു
- കുട്ടികൾ നിറം നൽകുന്നു
- ചിത്രങ്ങൾ പ്രദർശിപ്പിക്കുന്നു.

## വിലയിരുത്തൽ

- ആകർഷകമായി നിറം നൽകാൻ കഴിഞ്ഞിട്ടുണ്ട്.

# തീം 5 സസ്യങ്ങളും പഴങ്ങളും

വസ്തുക്കൾ ഉപയോഗിച്ചുള്ള അനുഭവം, അനുഭവത്തെ അടിസ്ഥാന മാക്കിയുള്ള ഭാഷണം, ചിത്രത്തെ അടിസ്ഥാനമാക്കിയുള്ള അനുഭവം ഒടുവിലായി അക്കങ്ങൾ ഉപയോഗിച്ചുള്ള അനുഭവം എന്ന ക്രമത്തിലാണ് ഗണിതത്തിൽ ആശയ രൂപീകരണ പ്രക്രിയ. ഗണിതവുമായി ബന്ധപ്പെട്ട വർക്ക്ഷീറ്റ് നൽകുമ്പോൾ ഇക്കാര്യം മനസിൽ വെക്കണം. മൂർത്ത വസ്തുക്കൾ ഉപയോഗിച്ച ശേഷമേ ചിത്രത്തിലേക്ക്/വർക്ക്ഷീറ്റിലേക്ക് കടക്കാവൂ.

## പ്രവർത്തനക്രമം

1. പഴങ്ങൾ നിരീക്ഷിക്കൽ
↓
2. വീട്ടിലുപയോഗിക്കുന്ന പഴങ്ങൾ സവിശേഷതകൾ സ്വാനുഭവങ്ങ ളുടെ വെളിച്ചത്തിൽ പറയൽ
↓
3. സവിശേഷതകൾ നിരീക്ഷിച്ചു പറയൽ (നിറം, മണം, രുചി, വലിപ്പം...)
↓
4. വർക്ക്ഷീറ്റ് 5.1 "വരച്ച് യോജിപ്പിക്കൂ" നൽകൽ
↓
5. മേനി പറച്ചിൽ (പാവനാടകം)
↓
6. പലതരം പഴം കഴിക്കൽ (അഭിനയം)
↓
7. പഴങ്ങളുമായി ബന്ധപ്പെട്ട പാട്ടുകൾ/കഥകൾ
↓
8. പഴങ്ങൾ തരംതിരിക്കൽ (കൂട്ടത്തിൽ പെടാത്തത്, ചൂണ്ടിക്കാട്ടൽ, കാരണം പറയൽ)
↓
9. വർക്ക്ഷീറ്റ് 5.2 "നിറം നൽകാം എണ്ണിപ്പറയാം" നൽകൽ
↓
10. പഴം എണ്ണിപ്പറയൽ (നേരിട്ടുള്ള അനുഭവം – 3 വരെ)
↓
11. പഴങ്ങളുമായി ബന്ധപ്പെട്ട പാട്ടുകൾ/കഥകൾ
↓
12 വർക്ക്ഷീറ്റ് 5.3 "ചിതത്തിലെന്തെല്ലാം? നിറം കൊടുക്കൂ" നൽകൽ
↓
13. പഴങ്ങൾ വരക്കൽ, നിറം നൽകൽ
↓
14. പഴങ്ങളുമായി ബന്ധപ്പെട്ട കഥകൾ.

## വർക്ക്ഷീറ്റ് - 5.1 വരച്ച് യോജിപ്പിക്കൂ

| | | |
|---|---|---|
| **വികാസ മേഖല** | : | • വൈജ്ഞാനിക വികാസം |
| **ശേഷി** | : | പഞ്ചേന്ദ്രിയങ്ങൾ പ്രയോജനപ്പെടുത്തി വസ്തുക്കൾ, ജീവജാലങ്ങൾ എന്നിവ നിരീക്ഷിച്ച് പ്രത്യേകതകൾ കണ്ടെത്താനും വാചികമായി അവതരിപ്പിക്കാനും കഴിയുന്നു(നിറം, വലുപ്പം, ആകൃതി, മണം, ശബ്ദം, രുചി, മിനുസം) |
| **ആശയം** | : | വിവിധതരം പഴങ്ങളുണ്ട് |
| **സാമഗ്രികൾ** | : | വിവിധയിനം പഴങ്ങൾ, ക്രയോൺസ്, പാട്ടുകൾ. |
| **സന്ദർഭം** | : | വിവിധ പഴങ്ങൾ പരിചയപ്പെടുത്തുന്ന അവസരം |

**പ്രക്രിയ**

• ആഖ്യാനം :

ഒരവധി ദിവസം

ലിസമോളു പറഞ്ഞു. "എനിക്ക് മാങ്ങാ പുളിശ്ശേരി വേണം..."

"മോളേ. മാങ്ങ തീർന്നു. നാളെ ചന്തയിൽ പോകുമ്പോൾ അമ്മ വാങ്ങിക്കാം".

ലിസ മോൾക്ക് സമാധാനമായി

ചന്തയിൽ ശങ്കു മാമന്റെ പഴക്കടയുണ്ട്. ശങ്കു മാമൻ അറകളുള്ള പെട്ടിയിലാണ് പഴങ്ങൾ സൂക്ഷിക്കുന്നത്. രാത്രിയിൽ ഉറങ്ങാൻ നേരം മാങ്ങാ പുളിശ്ശേരിയുടെ കാര്യം ലിസ ഓർത്തു.

'ഹായ് നാളെ മാങ്ങാ പുളിശ്ശേരി... എന്തു രുചിയാണ്'

രാത്രിയിൽ ലിസ ഒരു സ്വപ്നം കണ്ടു. ശങ്കുമാമന്റെ കടയ്ക്കുമുന്നിൽ ലിസയും അമ്മയും നിൽക്കുന്നു. ലിസക്ക് ഒരു കുസൃതി തോന്നി.

"പാട്ടു കേട്ടാൽ പഴങ്ങൾ പെട്ടിയിൽ നിന്നും ഇറങ്ങി വരുമോ?

പാടി നോക്കിയാലോ? ലിസ പാടി. (ഏറ്റു പാടൽ)

"പേരമരത്തിലെ പേരയ്ക്കേ  
മേനി മിനുത്ത പേരയ്ക്കേ  
മൂത്തു പഴുത്ത പേരയ്ക്കേ  
എന്തൊരു മണമാ പേരയ്ക്കേ  
താഴേയ്ക്കൊന്നു വന്നാട്ടേ"

എന്തു സംഭവിച്ചിട്ടുണ്ടാകും?

(സ്വതന്ത്രപ്രതികരണം)

പേരയ്ക്ക പെട്ടിയിൽ നിന്നും  
ഉരുണ്ടു താഴേക്ക് വീണു.

ലിസ വീണ്ടും പാടി

"മാവിൻ മുത്തേ മാങ്ങച്ചേട്ടാ  
മൂക്കിൽ തട്ടും മണമല്ലോ  
മാങ്ങ പഴുത്തതു ഞാൻ കണ്ടു  
താഴേയ്ക്കൊന്നു വന്നാട്ടേ".

മാങ്ങ എന്തു ചെയ്തു?

ഒരു മാങ്ങ ഉരുണ്ടു താഴേക്ക് വീണു.

ലിസക്ക് രസമായി

ലിസ വീണ്ടും പാടി.

"നീണ്ടു തടിച്ചൊരു പപ്പയ്ക്കേ
ചുണ്ടു ചുവന്നൊരു പപ്പായ്ക്കേ
വേഗം ചാടി വന്നാട്ടേ"

പപ്പായ ഒരെണ്ണം ചാടി താഴേക്ക്

ലിസ മത്തനെക്കുറിച്ചുപാടി

എന്തായിരിക്കും പാടിയിട്ടുണ്ടാവുക?

"തടിച്ചുരുണ്ട മത്തങ്ങേ
ഉരുണ്ടുരുണ്ടു വന്നാട്ടേ"

മത്തങ്ങ ഉരുണ്ടുരുണ്ടു താഴേക്കു ചാടി.

- വർക്ക് ഷീറ്റ്–5.1 "വരച്ച് യോജിപ്പിക്കൂ" നൽകുന്നു.

ലിസ കണ്ട സ്വപ്നം ഇഷ്ടപ്പെട്ടോ? മാങ്ങയും പേരയ്ക്കയും മത്തങ്ങയും പപ്പായയും ദേ തറയിൽ കിടക്കുന്നു. ഇവരെ തിരിച്ച് പെട്ടിയിൽ അവരുടെ അറയിൽ ആക്കേണ്ടേ? മാങ്ങയുടെ അറ കണ്ടു പിടിക്കൂ. അറയിലേക്ക് യോജിപ്പിക്കൂ. പപ്പായയെകണ്ടുപിടിച്ച് അറയിലേക്ക് ചേർക്കൂ!

വരച്ചു യോജിപ്പിക്കുന്നവർക്ക് പ്രോത്സാഹനം.

- കുട്ടയിലെ നിറമുള്ള ചിത്രങ്ങൾ നോക്കി പഴങ്ങൾക്ക് അനുയോജ്യമായ നിറം നൽകൽ
- ചിത്രത്തിലെ കാര്യങ്ങളെക്കുറിച്ച് സ്വന്തം ഭാഷയിൽ പറയൽ.
- എന്തായിരിക്കും പഴക്കച്ചവടക്കാരൻ വിളിച്ചു പറയുന്നത്? അഭിനയിച്ചു കാണിക്കൽ.
- ചിത്രങ്ങൾ കൈമാറി പരസ്പര വിലയിരുത്തൽ. തുടർന്ന് വ്യത്യസ്ത പഴങ്ങളുടെ കൂട്ടങ്ങൾ നിരീക്ഷിക്കുന്നു. പഴപ്പാട്ടുകൾ പാടുന്നു.

## വിലയിരുത്തൽ

- പഴങ്ങളെ അതാത് അറയിലേക്ക് വരച്ച് ചേർത്തിട്ടുണ്ട്.
- അനുയോജ്യമായ നിറം നൽകിയിട്ടുണ്ട്.
- ചിത്രത്തിലെ കാര്യങ്ങൾ സ്വന്തം ഭാഷയിൽ പറയുന്നു.
- പഴങ്ങൾ തിരിച്ചറിഞ്ഞ് പേരു പറയുന്നുണ്ട്.
- അനുയോജ്യമായ നിറം നൽകിയിട്ടുണ്ട്.

## വർക്ക്ഷീറ്റ് - 5.2 "നിറം നൽകാം, എണ്ണിപ്പറയാം"

**വികാസ മേഖലകൾ** :
- വൈജ്ഞാനിക വികാസം
- ശാരീരിക ചാലക വികാസം

**ശേഷി** : സംഖ്യകൾ എണ്ണാനും സംഖ്യയും വസ്തുക്കളുടെ എണ്ണവും തമ്മിൽ ബന്ധിപ്പിക്കാനും കഴിയുന്നു. (5 ൽ താഴെ) (44)

**ആശയം** : വിവിധതരം പഴങ്ങളുണ്ട്

**സാമഗ്രി** : ക്രോയൺസ്.

**സന്ദർഭം** : വിവിധതരം പഴങ്ങൾ പരിചയപ്പെട്ട ശേഷം വർക്ക്ഷീറ്റ് അവതരിപ്പിക്കുന്നു.

**പ്രക്രിയ**

- ആഖ്യാനം : മാമനെ ലിസ കാത്തിരിക്കുകയാണ്. മാമൻ മുത്തശ്ശിയെ കാണാൻ വരും. ലിസ മുത്തശ്ശിയുടെ അടുത്തേയ്ക്കോടി. "മാമൻ എന്തുകൊണ്ടുവരും"? ലിസ ചോദിച്ചു. "കൈതച്ചക്ക, മാമന്റെ പറമ്പിൽ കൈതച്ചക്കയുണ്ട്". "ഹായ് കൈതച്ചക്ക. "ലിസ തുള്ളിച്ചാടി. ലിസ കൈതച്ചക്ക തിന്നിട്ടുണ്ട്.

"മുത്തശ്ശീ...മുത്തശ്ശീ, എനിക്കു കൈതച്ചക്കേടെ പാട്ടു കേൾക്കണം".

ലിസ മുത്തശ്ശിയോടു പറഞ്ഞു. "പാടിത്തരാം മോളേ..."

മുത്തശ്ശിയുടെ പാട്ടിനൊപ്പം നമുക്കും പാടാം.

"കൈ...കൈ കൈതച്ചെടി
ചെടിക്കുമീതേ കൈതച്ചക്ക
ചക്കമേലെ തലപ്പാവ്
മുള്ളു നിറഞ്ഞൊരു തലപ്പാവ്
പരുപരുത്ത ഉടുപ്പുമിട്ട്
നോക്കി നോക്കി പുഞ്ചിരിക്കും
മൂത്തു പഴുത്തു കഴിഞ്ഞെന്നാൽ
മൂക്കിൻ തട്ടും മണമുണ്ട്
ഉടുപ്പും തൊപ്പിയും നീക്കീടിൽ
ഉള്ളിലിരിപ്പോൻ രുചിവീരൻ".

ലിസയുടെ മാമൻ വന്നു. മുത്തശ്ശിയെ കണ്ടു. ലിസക്ക് ഒരു ചെറുസഞ്ചി നൽകി. ലിസ സഞ്ചിയിലേക്ക് നോക്കി. സഞ്ചിയിൽ പഴങ്ങൾ. സഞ്ചിയിലെ പഴങ്ങൾ നിങ്ങൾക്ക് കാണണ്ടേ.

- വർക്ക്ഷീറ്റ് 5.2 "നിറം നൽകാം, എണ്ണിപ്പറയാം" നൽകുന്നു.

കുട്ടികൾ തിരിച്ചറിഞ്ഞ് പറയുന്നു. (ശരിയുത്തരങ്ങൾക്ക് പ്രോത്സാഹനം) ഇനി നിറം നൽകിയാലോ? കുട്ടികൾ നിറം നൽകുന്നു. കുട്ടികൾക്ക് ഇഷ്ടപ്പെട്ട പഴങ്ങൾ വരയ്ക്കാനും നിറം നൽകാനും അവസരം നൽകുന്നു.

- ചിത്രത്തിൽ ഏതെല്ലാം പഴങ്ങൾ ഉണ്ട്?
- എത്ര കൈതച്ചക്കയുണ്ട്?
- മാങ്ങകളോ?
- വാഴപ്പഴം എത്ര എണ്ണമുണ്ട്?
- ഓരോന്നും തൊട്ട് എണ്ണം പറയുന്നു.
- ഏറ്റവും കൂടുതൽ ഉള്ളത് ഏത്?
- അതിന്റെ ചുറ്റും വരയ്ക്കൂ.
- വർക്ക്ഷീറ്റ് നോക്കി കുട്ടികൾക്ക് എണ്ണിപ്പറയാൻ അവസരം നൽകുന്നു.

ഒന്നേ-ഒന്നേ-ഒന്ന്
കൈതച്ചക്ക - ഒന്ന്
ഒന്നേ, രണ്ടേ രണ്ട്
മാമ്പഴമുണ്ടേ - രണ്ട്
ഒന്നേ, രണ്ടേ, മൂന്ന്
വാഴപ്പഴങ്ങൾ - മൂന്ന്

# വിലയിരുത്തൽ

- എണ്ണിപ്പറയാൻ കഴിയുന്നുണ്ട് (3 വരെ)
- അനുയോജ്യമായ നിറം നൽകിയിട്ടുണ്ട്.
- കൂടുതലുള്ള കൂട്ടം തിരിച്ചറിഞ്ഞിട്ടുണ്ട്.

# വർക്ക്ഷീറ്റ് - 5.3 "ചിത്രത്തിലെന്തെല്ലാം? നിറം കൊടുക്കൂ!"

**വികാസ മേഖലകൾ** :
- വൈജ്ഞാനിക വികാസം
- ഭാഷാവികാസം

**ശേഷികൾ** :
1) പഞ്ചേന്ദ്രിയങ്ങൾ പ്രയോജനപ്പെടുത്തി വസ്തുക്കൾ, ജീവജാലങ്ങൾ എന്നിവയെ നിരീക്ഷിച്ച് പ്രത്യേകതകൾ കണ്ടെത്താനും വാചികമായി അവതരിപ്പിക്കാനും കഴിയുന്നു. അനുയോജ്യമായ നിറം നൽകാൻ കഴിയുന്നു (30).
2) ചിത്രങ്ങൾ,കഥകൾ നിരീക്ഷിച്ച് വിശദാംശങ്ങൾ കണ്ടെത്തി അവതരിപ്പിക്കുന്നു (21) .

**ആശയം** : വീടിന്റെ പരിസരത്ത് പലതരത്തിലുള്ള ചെടികൾ നട്ടുവളർത്തുന്നു.

**സാമഗ്രികൾ** : വർക്ക്ഷീറ്റ്, ക്രയോൺസ്, വിവിധയിനം ഇലകൾ

**സന്ദർഭം** : പ്രകൃതി നടത്തത്തിലൂടെ ചുറ്റുപാടുമുള്ള സസ്യങ്ങളെ നിരീക്ഷിച്ചു വന്നതിന് ശേഷം വർക്ക്ഷീറ്റ് ഉപയോഗിക്കാം.

പ്രക്രിയ

- ആഖ്യാനം : ചിരുതയുടെ വീട്ടിൽ ഒരു വലിയ പ്ലാവും ഒരു വലിയ മാവും ഉണ്ടായിരുന്നു. ചിരുത എന്നും മാവിന്റെയും പ്ലാവിന്റെയും അടുത്തു ചെല്ലും. കുറേനേരം പ്ലാവിനോടു സംസാരിക്കും. ചിരുത പ്ലാവിനോട് എന്തായിരിക്കും പറഞ്ഞിട്ടുണ്ടാവും?

(പ്രതികരണങ്ങൾ)

"എന്നാ ചക്ക കായ്ക്കുക?

'സമയമാകട്ടെ'

'ഞാൻ കൂട്ടുകൂടില്ല. എന്നും ഇതാ പറയുന്നേ'

ചിരുത മാവിന്റടുത്തു പോയി,

"മാവേ, എനിക്ക് എന്നാ മാമ്പഴം തരുന്നേ?" സമയമാകട്ടെ. ഞാൻ കൂട്ടുകൂടില്ല. അവൾ വീട്ടിലേയ്ക്ക് മടങ്ങി. കുറേനാൾ കഴിഞ്ഞപ്പോൾ പൂങ്കുയിൽ വന്നു ജനാലയിലിരുന്നു. ചിരുതയെ വിളിച്ചു. മാവു പൂത്തു, മാങ്ങ പഴുത്തു. വിഷുപ്പക്ഷി വന്നു. ജനാലയിലിരുന്നു. ചിരുതയെ വിളിച്ചു. പ്ലാവ് പൂത്തു. ചക്ക പഴുത്തു. വാ പോകാം. വാ പോകാം. ചിരുതയും കിളികളും മാവിൻ ചോട്ടിൽ ചെന്നു. അവിടെ നിറച്ചും ആളുകൾ. കിളികൾ പറഞ്ഞു. ഞങ്ങൾ പഴം കൊത്തി വീഴ്ത്തിത്തരാം. എല്ലാവർക്കും സന്തോഷമായി.

വർക്ക്ഷീറ്റ് 5.3 "ചിത്രത്തിലെന്തെല്ലാം നിറം കൊടുക്കൂ!" നൽകുന്നു.

- ചിത്രത്തിലെന്തെല്ലാം?
- ഏതൊക്കെ സസ്യങ്ങളാണുള്ളത് ?

- എങ്ങനെയാണ് തിരിച്ചറിഞ്ഞത് ? (പഴങ്ങൾ നോക്കി)
- നിങ്ങളുടെ വീട്ടുവളപ്പിൽ എന്തൊക്കെ സസ്യങ്ങളുണ്ട്?
- ടീച്ചർ ചില ഇലകൾ കാണിക്കുന്നു. ഏത് സസ്യത്തിന്റേതെന്ന് കുട്ടി പറയട്ടെ.
- ചിത്രത്തിന് നിറം നൽകൽ (സർഗ്ഗാത്മകം)
- കുട്ടികൾ പൂർത്തിയാക്കിയ വർക്ക് ഷീറ്റുകളുടെ പ്രദർശനം

## വിലയിരുത്തൽ

- ചിത്രത്തിലെ സസ്യങ്ങളെ തിരിച്ചറിയാൻ കഴിഞ്ഞു.
- സസ്യത്തിന്റെ പ്രത്യേകതകൾ പറയാൻ കഴിഞ്ഞു.
- അനുയോജ്യമായ നിറം നൽകിയിട്ടുണ്ട്.
- ഇലകൾ തിരിച്ചറിഞ്ഞ് സസ്യത്തിന്റെ പേര് പറയുന്നുണ്ട്.

# തീം 6 ആഹാരം

**താരതമ്യം ചെയ്യുകയും തരംതിരിക്കലും പ്രക്രിയാശേഷികളാണ്. പ്രധാന സവിശേഷതകളുടെ അടിസ്ഥാനത്തിലാണ് ഇത് നടത്തുക. സമാനമായ കാര്യങ്ങളും വ്യത്യാസമുള്ളവയും ചർച്ച ചെയ്തശേഷം വർക്ക്ഷീറ്റുകൾ സ്വയം പൂർത്തീകരിക്കട്ടെ.**

## പ്രവർത്തനക്രമം

1. ഇഷ്ടപ്പെട്ട ആഹാരം വിശദാംശങ്ങൾ

↓

2. വിവിധതരം ഭക്ഷണം അനുഭവ വിവരണം (ബിസ്ക്കറ്റ്, പായസം, ചോറ്, കറികൾ...)

↓

3. വർക്ക്ഷീറ്റ് 6.1 (അപ്പു എന്തൊക്കെ കഴിക്കും?) നൽകൽ

↓

4. ജീവികളുടെ ആഹാരം

↓

5. സസ്യങ്ങൾ, പഴങ്ങൾ പാട്ടുകൾ, കഥകൾ

↓

6. വർക്ക്ഷീറ്റ് 6.2 "വരയ്ക്കാം യോജിപ്പിക്കാം" നൽകൽ

↓

10. വർക്ക്ഷീറ്റ് 6.3 "ആഹാരം ആർക്ക്?" നൽകൽ

↓

11. സസ്യപരിപാലനം

↓

12. മാതൃകനോക്കി പാറ്റേൺ നിർമ്മാണം

↓

13. പ്രകൃതി ആസ്വാദനം

↓

14. അടുക്കള ഉപകരണങ്ങൾ (കിച്ചൻസെറ്റ്)

↓

15. ആഹാര ശീലങ്ങൾ

↓

16. വർക്ക്ഷീറ്റ് 6.4 "നല്ല ആഹാര ശീലങ്ങൾ കണ്ടെത്തൂ" നൽകൽ

↓

17. ആഹാരവുമായി ബന്ധപ്പെട്ട വിവിധ പാട്ടുകൾ

7. പഴങ്ങൾ, ഇലകൾ തരംതിരിക്കൽ (നിറം, ആകൃതി, വലിപ്പം, രുചി.....)

↓

8. റോൾ പ്ലേ, ചമഞ്ഞുകളി

↓

9. ആഹാരക്കളികൾ (മണം, ആകൃതി, നിറം, രുചി)

↓

## വർക്ക്ഷീറ്റ് - 6.1 അപ്പു എന്തൊക്കെ കഴിക്കും?

**വികാസ മേഖല** : വൈജ്ഞാനിക വികാസം

**ശേഷി** : പഞ്ചേന്ദ്രിയങ്ങൾ പ്രയോജനപ്പെടുത്തി വസ്തുക്കൾ/ജീവജാലങ്ങൾ എന്നിവ നിരീക്ഷിച്ച് പ്രത്യേകതകൾ കണ്ടെത്താനും വാചികമായി അവതരിപ്പിക്കാനും കഴിയുന്നു (30).

**ആശയം** : പലതരം ആഹാരങ്ങൾ ഉണ്ട്.

**സാമഗ്രികൾ** : വർക്ക്ഷീറ്റ്, ക്രയോൺസ്.

**സന്ദർഭം** : കളിപ്പാട്ടം പേജ് (203) ലെ ആഹാരപ്പാട്ടുകൾ രണ്ടോ മൂന്നോ എണ്ണം പാടിയതിന് ശേഷം. ആഹാരവസ്തുക്കളിലെ വൈവിധ്യങ്ങൾ പരിചയപ്പെടുന്നു.

**പ്രക്രിയ**

- ആഖ്യാനം : അപ്പു എല്ലാവരുടെയും പുന്നാരക്കുട്ടിയാണ്. അപ്പുവിന്റെ ഇഷ്ടപ്പെട്ട ആഹാരം ദോശയാണ്. ഇഡ്ഡലിയും അപ്പു കഴിക്കും. പഴങ്ങളും കഴിക്കും. ദോശ ചുടുന്നത് അപ്പു കണ്ടിട്ടുണ്ട്. അതു കാണാൻ അപ്പുവിന് എന്തിഷ്ടമാണെന്നോ? ദോശ ചുടുന്നത് കാണുമ്പോൾ അപ്പു ദോശപ്പാട്ടു പാടും.

“കോരിയൊഴിച്ചു ശൂ...ശൂ...ശൂ...
പരത്തിയിട്ടു ശൂ...ശൂ...ശൂ...
പൊരിഞ്ഞ കല്ലിൽ ശൂ...ശൂ...ശൂ...
തിരിമറിയിട്ടു ശൂ...ശൂ...ശൂ..
എന്തൊരു മണം ശൂ....ശൂ....ശൂ
ചട്ടിണി കൂട്ടി ശൂ....ശൂ....ശൂ”

ഇന്ന് അപ്പുവിന്റെ ആഹാരം എന്തൊക്കെയാണെന്നും നോക്കാം.

- വർക്ക്ഷീറ്റ്-6.1 ‘അപ്പു എന്തൊക്കെ കഴിക്കും?” നൽകുന്നു.

അപ്പുവിന്റെ ആഹാരത്തിന് അടുത്തു കാണുന്ന വട്ടത്തിന് നിറം കൊടുക്കാം. കുട്ടികൾ നിറം നൽകുന്നു.

## വിലയിരുത്തൽ

- ആഹാരവസ്തുക്കളെ തിരിച്ചറിഞ്ഞ്, സമീപത്തെ വട്ടത്തിൽ നിറം കൊടുക്കാൻ കഴിയുന്നുണ്ട്.

## വർക്ക്ഷീറ്റ് -6.2 വരയ്ക്കാം, യോജിപ്പിക്കാം.

**വികാസ മേഖല** : • വൈജ്ഞാനിക വികാസം

**ശേഷി** : കണ്ടെത്തൽ പ്രവർത്തനങ്ങളിൽ ഏർപ്പെടാനും അനുഭവത്തിന്റെ പിൻബലത്തിൽ നിഗമനങ്ങൾ അവതരിപ്പിക്കാനും കഴിയുന്നു (31).

**ആശയം** : മനുഷ്യർ മാത്രമല്ല മറ്റ് ജീവികളും വിശക്കുമ്പോൾ ആഹാരം കഴിക്കുന്നു.

**സാമഗ്രികൾ** : വർക്ക്ഷീറ്റ്

**സന്ദർഭം** : വീട്ടിൽ വളർത്തുന്ന ജീവികൾക്കു നൽകുന്ന ആഹാരം, നാം കഴിക്കുന്ന ആഹാരം എന്നിവയുമായി ബന്ധപ്പെട്ട അനുഭവങ്ങൾ പറയൽ.

പ്രക്രിയ : അക്കുവിന്റെ കൂട്ടുകാരാണ്. കുഞ്ഞാടും കോഴിയമ്മയും. അവനാണ് ആഹാരം അവയ്ക്ക് കൊടുക്കുക.

കളി : (വീട്ടിൽ വളർത്തുന്ന ജീവികൾ ഏതൊക്കെ? അവ കഴിക്കുന്ന ആഹാരം എന്ത്? ആഹാരത്തിന്റെ പേരു പറഞ്ഞ് കളി. ആഹാരത്തിന്റെ പേരു പറയും. അതു കഴിക്കുന്ന ജീവികളുടെ പേരു പറയണം.)

- ഒരു ദിവസം അവൻ കുഞ്ഞാടിന് ഒരു മാമ്പഴം കൊടുത്തു. "പിന്നെത്തിന്നാം" കുഞ്ഞാട് പറഞ്ഞു. അക്കു മാമ്പഴം അവിടെ വെച്ചു. അവരു മൂവരും കളിക്കാൻ പോയി. തിരികെ വന്നപ്പോൾ മാമ്പഴം കാണാനില്ല. എവിടെപ്പോയി? എല്ലാവരും ചുറ്റും നോക്കി. "ചിൽ ചിൽ" മരക്കൊമ്പിലൊരാൾ. ''ആഹാ, നീയാണോ, മാമ്പഴം തിന്നത്?" കോഴി കയർത്തു. അക്കു പറഞ്ഞു ''അണ്ണാൻകുഞ്ഞേ ഇനി എന്തു ചെയ്യും? ഞാൻ ആടിന് സ്നേഹത്തോടെ നൽകിയതല്ലേ?" അണ്ണാൻ പറഞ്ഞു. "സാരമില്ല. ഞാൻ സ്നേഹത്തോടെ അതു തിന്നു." ഇപ്പോ ഒരു സൂത്രം കാണിക്കാം. അണ്ണാൻ മരക്കൊമ്പു കുലുക്കി. ചറപറാന്ന് മാമ്പഴങ്ങൾ വീണു. നല്ല മധുരമുള്ള മാങ്ങകൾ. എല്ലാവർക്കും സന്തോഷമായി. ആടു പറഞ്ഞു എനിക്ക് ഇലയാണിഷ്ടം. കോഴി പറഞ്ഞു എനിക്ക് അരിയാണ് ഇഷ്ടം. ഇഷ്ടമുള്ള ആഹാരം അവർക്കുകൊടുക്കുമോ?

വർക്ക്ഷീറ്റ്-6.2 'വരയ്ക്കാം യോജിപ്പിക്കാം' നൽകുന്നു

ചിത്രവായന
- ചിത്രത്തിൽ ആരൊക്കെയുണ്ട്? ഏതൊക്കെ ആഹാരവസ്തുക്കൾ ഉണ്ട്?
- ഓരോരുത്തരെയും അവർക്കിഷ്ടപ്പെട്ട ആഹാരത്തിന് നേർക്ക് വരച്ചു ചേർക്കൂ..

## വിലയിരുത്തൽ :

- ജീവികളും അവയുടെ ആഹാരവും തിരിച്ചറിഞ്ഞ് വരച്ച് യോജിപ്പിക്കാൻ സാധിക്കുന്നുണ്ട്.

## വർക്ക്ഷീറ്റ് - 6.3 ആഹാരം ആർക്ക്?

**വികാസ മേഖല** : വൈജ്ഞാനിക വികാസം

**ശേഷി** : ഗണിതപ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയുന്നു (46).

**ആശയം** : പലതരം ആഹാരങ്ങൾ ഉണ്ട്.

**സാമഗ്രി** : വർക്ക്ഷീറ്റ്

**സന്ദർഭം** : വിവിധ ആഹാരവസ്തുക്കളെക്കുറിച്ച് ചർച്ച ചെയ്തതിനുശേഷം.

**പ്രക്രിയ**

- ആഖ്യാനം : മുയൽ വാഴ നട്ടു. വാഴച്ചുവട്ടിൽ കാരറ്റും നട്ടു. തത്ത മാവിൻതൈ വളർത്തി. മടിയനണ്ണാൻ ഒന്നും ചെയ്തില്ല. വാഴ വളർന്നു. കുലച്ചു. കുല പഴുത്തു. മാവ് വളർന്നു. കായ്ച്ചു. മാങ്ങകൾ പഴുത്തു. കാരറ്റ് വളർന്നു. വിളഞ്ഞു. "വാ, മുയലേ മാങ്ങാ കൊത്തിയിട്ടു തരാം.'' തത്തപറഞ്ഞു "വാ തത്തേ പുന്നാരത്തത്തേ വാഴപ്പഴം തരാം." "കാരറ്റും തരാം." മുയൽ പറഞ്ഞു. അണ്ണാൻ ചോദിച്ചു ''എനിക്കും തരുമോ?" "ഇല്ല. തരില്ല." തത്തേം മുയലുകളും ഒന്നിച്ചു പറഞ്ഞു. അണ്ണാൻ പറഞ്ഞു "പാട്ടുകാരിത്തത്തേ നീ പാടുമ്പോൾ ഞാൻ താളമി

ടാം, ചാട്ടക്കാരായ മുയലുകളേ നിങ്ങൾ തുള ളിക്കളിക്കുമ്പോൾ ഞാൻ താളമിടാം. നല്ല രസ മായിരിക്കും." തത്തേം മുയലും അത് സമ്മ തിച്ചു. പാട്ടിനൊത്ത് മുയലുകൾ തുള്ളിച്ചാടി. അണ്ണാൻ താളമിട്ടു. കളി കഴിഞ്ഞപ്പോൾ തത്തേം മുയലും പറഞ്ഞു "കുഞ്ഞണ്ണാനേ നിനക്ക് വേണ്ട ആഹാരം എടുത്തോളൂ." "അണ്ണാൻ രണ്ടു തരം ആഹാരം എടുത്തു. തത്തയും രണ്ടുതരം ആഹാരം എടുത്തു. അവരെടുത്ത ആഹാരം വരച്ചു യോജിപ്പിക്കാമോ?

- ഓരോ ജീവിക്കും ഒന്നുവീതം കിട്ടണമെങ്കിൽ ഏത് പഴം/പച്ചക്കറി നൽകും?
- അവ യോജിപ്പിച്ചു വരയ്ക്കൂ.
- മുയലിന്റെ ആഹാരം എന്തായിരിക്കും? വരച്ചു ചേർക്കൂ.

## വിലയിരുത്തൽ :

- ചിത്രത്തിലെ ജീവികൾ, ആഹാരവസ്തുക്കൾ തിരിച്ചറിഞ്ഞ് പേരു പറയാൻ കഴിയുന്നുണ്ട്.
- ജീവികളെയും ആഹാരത്തെയും തമ്മിൽ ബന്ധിപ്പിച്ച് വരയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്.

## വർക്ക്ഷീറ്റ് -6.4 "നല്ല ആഹാരശീലങ്ങൾ കണ്ടെത്തൂ"

**വികാസ മേഖല** : വൈജ്ഞാനിക വികാസം

**ശേഷി** : ആഹാരശീലങ്ങൾ, ശുചിത്വശീലങ്ങൾ എന്നിവയെക്കുറിച്ച് അറിയുന്നു (36).

**ആശയം** : ശുചിത്വമുള്ള ആഹാരം കഴിക്കണം.

**സാമഗ്രികൾ** : വർക്ക്ഷീറ്റ്, ക്രയോൺസ്

**സന്ദർഭം** : ആഹാര / ആരോഗ്യശീലങ്ങളെക്കുറിച്ച് ചർച്ച ചെയ്യുന്നു.

**പ്രക്രിയ**

ആഖ്യാനം : ഇന്ന് അവധി ദിവസം
അപ്പു ചേച്ചിയെ വിളിച്ചു.
"നമുക്ക് കളിക്കാൻ പോകാം."
ചേച്ചിയും അപ്പുവും കൂട്ടുകാരെ വിളിച്ചു
ചേച്ചിയും അപ്പുവും കൂട്ടുകാരും കളിക്കൻ പറമ്പിൽ ചെന്നു.
അവർ കളിക്കാൻ തുടങ്ങി.
"ഞാനൊരു കളി പറയാം.
ആ കളി കാളിച്ചാലോ"
ചേച്ചി പറഞ്ഞു.
എല്ലാവരും സമ്മതിച്ചു.
എന്തു കളിയായിരിക്കും അവർ കളിച്ചിട്ടുണ്ടാവുക? (സ്വതന്ത്ര പ്രതികരണം)
അപ്പുവും കൂട്ടുകാരും വട്ടത്തിൽ നിന്നു.
നമുക്കും ആ കളി കളിച്ചാലോ
കുട്ടികൾ വട്ടത്തിൽ നില്ക്കുന്നു.

ടീച്ചർ ചേച്ചിയായി നിൽക്കുന്നു.

ടീച്ചർ : ഞാൻ പാടുന്നതിന് മറുപടി പാട്ടായി നിങ്ങൾ ചെയ്തു പാടണം.

"കാലിൽ തൊട്ട് കൈകൊട്ടൂ"

കുട്ടികൾ: "കാലിൽ തൊട്ട് കൈകൊട്ട്"

കുട്ടികൾ ഏറ്റുപാടി കാലിൽ തൊട്ടു കൈകൊട്ടുന്നു.

ടീച്ചർ : "മുട്ടിൽ തൊട്ട് കൈകൊട്ടൂ"

ടീച്ചർ മുട്ടിൽ തൊട്ട് കൈകൊട്ടുന്നു

കുട്ടികൾ :"മുട്ടിൽ തൊട്ട് കൈ കൊട്ട്"

കുട്ടികൾ പാടി മുട്ടിൽ തൊട്ട് കൈ കൊട്ടുന്നു.

തുടർന്ന് വയർ, നെഞ്ച്, ചുണ്ട്, മൂക്ക്, ചെവി, കണ്ണ്, തല എന്നിവ ചേർത്ത് പാടുന്നു.

"ഒപ്പം ചാടി കൈ കൊട്ട്"

കുട്ടികൾ ഒപ്പം ചാടി കൈ കൊട്ടുന്നു.

"തിരിഞ്ഞും മറിഞ്ഞും കൈ കൊട്ട്"

കുട്ടികൾ തിരിഞ്ഞും മറിഞ്ഞും കൈ കൊട്ടുന്നു.

അപ്പുവും കൂട്ടുകാരും കളിച്ച കളി ഇഷ്ടപ്പെട്ടോ? അടുത്ത കളി തുടങ്ങാൻ നേരം മാമൻ വന്നു. ബിസ്ക്കറ്റ് കവർ ചേച്ചീടെ കൈയിൽ കൊടുത്തു. ചേച്ചി കവർ തുറന്നു. അപ്പു ഓടിവന്ന് തട്ടിപ്പറിക്കാൻ ശ്രമിച്ചു. മറ്റുള്ളവരും അപ്പുവിനൊപ്പം കൂടി.

ബിസ്ക്കറ്റെല്ലാം പൊടിഞ്ഞു തറയിൽ വീണു. അപ്പുവും കൂട്ടുകാരും അതെടുത്തു തിന്നാൻ ശ്രമിച്ചു.

"തറയിൽ വീണത് തിന്നല്ലേ. അസുഖം വരും" ചേച്ചി പറഞ്ഞു. അപ്പു കേട്ടില്ല. അവൻ തറയിൽ കിടന്ന ബിസ്ക്കറ്റ് കഷണങ്ങൾ പെറുക്കി തിന്നു. കളി മതിയാക്കി എല്ലാവരും തിരിച്ചു പോയി.

പിറ്റേ ദിവസം രാവിലെ എഴുന്നേറ്റ അപ്പുവിന് കലശലായ വയറുവേദന. അപ്പു കക്കൂസിൽ പോയി. ഒരു തവണ പോയി. രണ്ടു തവണ പോയി. മൂന്നു തവണ പോയി. പിന്നേം പിന്നേം പോയി. അവൻ നിലവിളിയായി. വയറിളക്കം. വയറിളക്കം. അമ്മ അപ്പുനെയും കൊണ്ട് ആശുപത്രിയിലേക്ക് പോയി. ഡോക്ടർ കാര്യമെല്ലാം തിരക്കി. അപ്പു സത്യം പറഞ്ഞു. ഡോക്ടർ അപ്പുവിന് ഒരു കടലാസ് കൊടുത്തു. ഇതിൽ ചെയ്യാൻ പാടില്ലാത്തതും ചെയ്യാൻ പാടുള്ളതുമായ കാര്യങ്ങളുണ്ട്. കണ്ടെത്തൂ

വർക്ക്ഷീറ്റ്-6.4 "നല്ല ആഹാരശീലങ്ങൾ കണ്ടെത്തൂ" നൽകുന്നു.

ചിത്രവായന

- ചിത്രം നിരീക്ഷിച്ച് ഓരോരുത്തരും ചെയ്യുന്ന കാര്യങ്ങൾ വിശദീകരിക്കാൻ അവസരം നൽകുന്നു.
- ആരോഗ്യത്തിന് നല്ല ശീലങ്ങൾ ഏതൊക്കെയാണ്?
- ചിത്രങ്ങളിൽ ശരിയായ ശീലങ്ങൾ ഏതൊക്കെ?
- തൊട്ടുകാണിക്കട്ടെ.
- നല്ല ആഹാരശീലങ്ങളുള്ള ചിത്രങ്ങൾക്ക്

നേരെ അടയാളം നൽകൂ.

- നല്ല ആഹാരശീലങ്ങളെക്കുറിച്ച് കൂടുതൽ ചർച്ച ചെയ്യുന്നു.
  - ആഹാരം ചവച്ചരച്ച് കഴിക്കൽ
  - ബേക്കറി സാധനങ്ങളുടെ അമിത ഉപയോഗം
  - കവറുകളിലെ ആഹാരങ്ങളുടെ ഉപയോഗം
  - നിറമുള്ള ശീതള പാനീയങ്ങൾ ഉപയോഗിക്കാതിരിക്കൽ

## വിലയിരുത്തൽ :

- ശരിയായ ആഹാരശീലങ്ങളെയും തെറ്റായവയെയും തിരിച്ചറിഞ്ഞിട്ടുണ്ട്.
- ശരിയായ രീതിയിൽ ചിത്രങ്ങൾക്ക് നേരെ (✓)അടയാളം നൽകിയിട്ടുണ്ട്.

# തീം 7 ആഘോഷങ്ങൾ, സ്വാതന്ത്ര്യ ദിനം

സ്വാതന്ത്ര്യം എന്നത് ചെറിയ കുട്ടികളെ സംബന്ധിച്ചിടത്തോളം അമൂർത്തമായ ആശയമാണ്. ഇന്ത്യ, ഇന്ത്യൻ സ്വാതന്ത്ര്യം എന്നതൊന്നും അവർക്ക് ഉൾക്കൊള്ളുവാൻ കഴിഞ്ഞെന്നുവരില്ല. അതിനാൽ കഥകൾ, നിർമാണം, പാട്ടുതുടങ്ങിയ ആസ്വാദ്യാനുഭവങ്ങൾ ഒരുക്കുക മാത്രമേ ഈ പ്രായ ഘട്ടത്തിൽ വേണ്ടതുള്ളൂ. വർക്ക്ഷീറ്റ് നൽകുമ്പോൾ ഇക്കാര്യം പരിഗണിക്കണം.

പതാക നിർമിക്കുമ്പോൾ സ്വാശ്രയ പ്രവർത്തന സാധ്യത പരമാവധി ഉപയോഗിക്കണം. പശതേയ്ക്കുന്നതിലും ഒട്ടിയ്ക്കുന്നതിലും സ്വാതന്ത്ര്യം അനുവദിക്കണം. ശേഷീ വികാസത്തിനുള്ള അവസരമായി കാണണം. ചെയ്തുകൊടുക്കുക എന്നതിലുപരി ചെയ്യാൻ സഹായിച്ച് പൂർത്തീകരിക്കുക എന്ന് സമീപനമാണ് സ്വീകരിക്കേണ്ടത്.

## പ്രവർത്തനക്രമം

1. ആഘോഷങ്ങളുമായി ബന്ധപ്പെട്ട പാട്ടുകൾ, കഥകൾ കേൾക്കൽ
   ↓
2. വിവാഹം, പിറന്നാൾ തുടങ്ങിയ ആഘോഷങ്ങളുമായി ബന്ധപ്പെട്ട് വീടും പരിസരവും അലങ്കരിക്കൽ. വീഡിയോ കാണൽ.
   ↓
3. ക്ലാസ് മുറി അലങ്കരിക്കൽ
   ↓
4. വർക്ക്ഷീറ്റ് 7.1 "ബാഡ്ജ് തയാറാക്കാം" നൽകൽ
   ↓
5. വർക്ക്ഷീറ്റ് 7.2 "പതാക തയാറാക്കാം" നൽകൽ
   ↓
6. സ്വാതന്ത്ര്യ ദിനാഘോഷത്തിൽ പങ്കെടുക്കൽ.

## വർക്ക്ഷീറ്റ് –7.1 ബാഡ്ജ് തയാറാക്കാം.

| | | |
|---|---|---|
| **വികാസ മേഖല** | : | ശാരീരിക ചാലക വികാസം |
| **ശേഷി** | : | ചിത്രത്തിൽ ക്രയോൺസ് ഉപയോഗിച്ച് നിറം നൽകാൻ കഴിയുന്നു (4). |
| **ആശയം** | : | ആഘോഷത്തിന്റെ ഭാഗമായി വീടും പരിസരവും സ്കൂളും അലങ്കരിക്കുന്നു. |
| **സാമഗ്രികൾ** | : | ക്രയോൺസ്, സേഫ്റ്റിപിൻ |
| **സന്ദർഭം** | : | സ്വാതന്ത്ര്യദിനാഘോഷത്തിന്റെ തലേന്ന് ചെയ്യേണ്ട പ്രവർത്തനം. |
| **പ്രക്രിയ** | : | |

- വർക്ക്ഷീറ്റ് 7.1 ബാഡ്ജ് തയാറാക്കാം. നൽകുന്നു.
  - ടീച്ചറുടെ നിർദ്ദേശം അനുസരിച്ച് കുട്ടികൾ ബാഡ്ജിനു നിറം നൽകുന്നു.
  - റിബണിന് ദേശീയ പതാകയിലെ നിറങ്ങൾ നൽകുന്നു.
  - ടീച്ചർ ബാഡ്ജിൽ കുട്ടികളുടെ പേരെഴുതി കൊടുക്കണം
  - ടീച്ചർ ബാഡ്ജ് മുറിച്ച് നൽകണം.

## വിലയിരുത്തൽ :

- നിർദ്ദേശങ്ങൾക്കനുസരിച്ച് കൃത്യതയോടെ നിറം നൽകുന്നു.

## വർക്ക്ഷീറ്റ് - 7.2 പതാക തയാറാക്കാം

**വികാസ മേഖല** : ശാരീരിക ചാലക വികാസം

**ശേഷി** : ചിത്രത്തിൽ ക്രയോൺസ് ഉപയോഗിച്ച് നിറം നൽകാൻ കഴിയുന്നു (4).

**ആശയം** : ആഘോഷത്തിന്റെ ഭാഗമായി വീടും പരിസരവും സ്കൂളും അലങ്കരിക്കുന്നു.

**സാമഗ്രികൾ** : ഈർക്കിൽ, പശ, ക്രയോൺസ്

**സന്ദർഭം** : സ്വാതന്ത്ര്യദിനത്തിന്റെ തലേ ദിവസം പതാക നിർമ്മാണം.

**പ്രക്രിയ** :

- വർക്ക്ഷീറ്റ് 7.2 'പതാക തയാറാക്കാം' നൽകുന്നു.

- മുകളിലുള്ള പതാകയുടെ ചിത്രം നിരീക്ഷിക്കുന്നു.
- ഏതെല്ലാം നിറങ്ങൾ? കുട്ടികൾ പറയുന്നു.
- താഴെയുള്ള പതാകയ്ക്ക് നിറം നൽകുന്നു.
- ടീച്ചർ പതാക മുറിച്ചെടുത്ത് കമ്പിൽ ഒട്ടിക്കുന്നു.
  (അമ്മമാരുടെ സഹായം തേടാം)

## വിലയിരുത്തൽ :

- നിർദ്ദേശങ്ങൾക്കനുസരിച്ച് കൃത്യമായി നിറം നൽകുന്നു.

# തീം 8 ആരോഗ്യം, രോഗങ്ങൾ, ആശുപത്രി

വർക്ക്ഷീറ്റ് വിവിധ പ്രവർത്തന സങ്കേതങ്ങൾ ഉപയോഗിക്കുന്നതിന് തടസ്സമാകരുത്. മൈമിംഗ്, ചമഞ്ഞുകളി, പാവനാടകം, മണൽത്തട മുപയോഗിച്ചുള്ള കഥാവതരണം എന്നിവ എങ്ങനെ മനോഹരമായി വർക്ക്ഷീറ്റുകളുമായി കോർത്തിണക്കാം എന്ന് ആലോചിക്കണം.

## പ്രവർത്തനക്രമം

1. ആരോഗ്യ ശുചിത്വപ്പാട്ടുകൾ പാടൽ

   ↓

2. ശരീര ശുചിത്വവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ ഏർപ്പെടൽ

   ↓

3. വർക്ക്ഷീറ്റ് 8.1 ചിത്രം നോക്കാം പറയാം. നൽകൽ.

   ↓

4. ഡോക്ടർ സെറ്റ് ഉപയോഗിച്ച് ചമഞ്ഞുകളി.

   ↓

5. വർക്ക്ഷീറ്റ് 8.2 'ആരെ നിങ്ങൾക്കിഷ്ടം'? നൽകുന്നു.

   ↓

6. കൈയിൽ അഴുക്കുണ്ടോ? ലഘുപരീക്ഷണം.

   ↓

7. വർക്ക്ഷീറ്റ് 8.3 'ആരാണ് ശരി' നൽകുന്നു.

## വർക്ക്ഷീറ്റ് -8.1 'ചിത്രം നോക്കി പറയാം.'

**വികാസ മേഖലകൾ** :
- വൈജ്ഞാനിക വികാസം
- ഭാഷാ വികാസം

**ശേഷികൾ** :
1) ആരോഗ്യ ശീലങ്ങൾ, ശുചിത്വശീലങ്ങളെക്കുറിച്ച് അറിയുന്നു (36).
2) മറ്റൊന്നായി താദാത്മ്യം പ്രാപിച്ച് പാവനാടകം റോൾ പ്ലേ ചമഞ്ഞ് കളി തുടങ്ങിയ സന്ദർഭങ്ങളിൽ അഭിനയിക്കാൻ കഴിയുന്നു (25).

**ആശയങ്ങൾ** :
- രോഗം വന്നാൽ ചികിത്സിക്കുന്ന സ്ഥാപനമാണ് ആശുപത്രി.
- ആശുപത്രിയിൽ ഡോക്ടർ, നഴ്സ് തുടങ്ങിയവരുണ്ട്.

**സാമഗ്രികൾ** : ക്രയോൺസ്, ഡോക്ടർ സെറ്റ്

**സന്ദർഭം** : രോഗങ്ങൾ വന്ന അനുഭവങ്ങൾ വിവരിക്കൽ

**പ്രക്രിയ** :

- വർക്ക്ഷീറ്റ് 8.1 'ചിത്രം നോക്കി പറയാം' നൽകുന്നു.

ചിത്രവായന
- ചിത്രത്തിലാരെല്ലാം ഉണ്ട്?
- രോഗങ്ങൾ വന്നാൽ എവിടെയാണ് നാം പോകുന്നത്?
- കുട്ടികൾ ആശുപത്രിയിൽ പോയ അനുഭവങ്ങൾ പറയട്ടെ.

- ആശുപത്രിയിൽ എന്തൊക്കെയാണ് നടക്കുന്നത്?
- ആശുപത്രിക്കളി കളിക്കുന്നു.
- ഡോക്ടർസെറ്റ് ഉപയോഗിച്ച് ഡോക്ടർ, നഴ്സ്, രോഗികൾ എന്നിങ്ങനെ ചമഞ്ഞുകളിക്കട്ടെ.
- ചിത്രത്തിലെ ഓരോരുത്തരെയും തിരിച്ചറിയുന്നു.
- ഡോക്ടർക്കും നഴ്സിനും മാത്രം നിറം നൽകൂ.

## വിലയിരുത്തൽ :

- ഡോക്ടർ, നഴ്സ് എന്നിവരെ തിരിച്ചറിഞ്ഞ് നിറം കൊടുത്തിട്ടുണ്ട്.
- മറ്റുള്ളവർക്ക് മനസ്സിലാകുന്ന രീതിയിൽ ഡോക്ടർ, നഴ്സ്, രോഗി ഇവരെ അവതരിപ്പിച്ചിട്ടുണ്ട്.
- എന്തൊക്കെ വ്യത്യാസങ്ങളാണുള്ളത്? എന്ന് പറയാൻ കഴിയുന്നുണ്ട്.
- നിറം നൽകിയതിലെ സൂക്ഷ്മത.

## വർക്ക്ഷീറ്റ് - 8.2 ആരെ നിങ്ങൾക്കിഷ്ടം ?

**വികാസ മേഖല** : വൈജ്ഞാനിക വികാസം

**ശേഷികൾ** : 1) ആരോഗ്യ ശീലങ്ങൾ, ശുചിത്വശീലങ്ങൾ എന്നിവയെക്കുറിച്ച് അറിയുന്നു (36).
2) അനുഭവത്തിന്റെ പിൻബലത്തിൽ കണ്ടെത്തലുകൾ അവതരിപ്പിക്കാൻ കഴിയുന്നു (31).

**ആശയം** : ആരോഗ്യത്തിന് ശുചിത്വശീലങ്ങൾ പ്രധാനമാണ്.

**സാമഗ്രികൾ** : ക്രയോൺസ്

**സന്ദർഭം** : ശരിയായതും തെറ്റായതുമായ ആരോഗ്യശീലങ്ങൾ ചർച്ച ചെയ്യുന്നു.

**പ്രക്രിയ** :

ആഖ്യാനം : ഷിബി നഖം വളർത്താൻ തീരുമാനിച്ചു. നഖം നീട്ടി നീട്ടി വളർത്തി. നീണ്ട നഖത്തിനു മുകളിൽ നെയിൽ പോളീഷടിച്ചു. "എന്താ ചന്തം ഇല്ലേ അമ്മേ?" "മോളേ, അമ്മ നഖം വെട്ടിത്തരട്ടേ?" അവൾ സമ്മതിച്ചില്ല. നഖം പിന്നെയും നീണ്ടു. അഞ്ചു വിരലുകളിലും . നഖത്തിനടിയിൽ കറുത്ത നിറം. ഈച്ചകൾ അവളുടെ വിരലിനു ചുറ്റും പറന്നു നടന്നു. അവൾക്ക് ഇപ്പോ ഒന്നും ശരിയായി എടുക്കാനും പറ്റുന്നില്ല. അവൾ ഒരു ദിവസം വെള്ളത്തിൽ കൈമുക്കി. വെള്ളത്തിന്റെ നിറമാകെ മാറിപ്പോയി.കറുത്ത നിറം. "അമ്മേ, അമ്മേ, ദേ ഞാൻ കൈമുക്കിയപ്പോ വെള്ളം കറുത്തുപോയി." അമ്മ വന്നു. "അതേയ് നിന്റെ നഖത്തിനടിയിലെ അഴുക്കാ അത്. ഞാനന്നേ പറഞ്ഞില്ലേ?" അവൾക്ക് നാണക്കേട് തോന്നി. നഖം വെട്ടി. ഈച്ചകൾ വരാതെയായി.

അവൾ അമ്മയോട് പറഞ്ഞു. “എന്താ ചന്തം ഇല്ലമ്മേ?” അമ്മചിരിച്ചു.

– ഇതുപോലെ പല്ലുതേക്കാൻ മടിയായ കുട്ടിയുടെ കഥയും ടീച്ചർ അവതരിപ്പിക്കുന്നു.

വർക്ക്ഷീറ്റ് 8.2 ‘ആരെ നിങ്ങൾക്കിഷ്ടം’ നൽകുന്നു.

**വിലയിരുത്തൽ** : നല്ല ശീലങ്ങൾ കണ്ടെത്താൻ കഴിയുന്നു.

അനുയോജ്യമായ നിറം നൽകിയിട്ടുണ്ട്.

## വർക്ക്ഷീറ്റ് – 8.3 ആരാണ് ശരി ?

**വികാസ മേഖല** : വൈജ്ഞാനിക വികാസം

**ശേഷികൾ** :
1) ആരോഗ്യ ശീലങ്ങൾ, ശുചിത്വശീലങ്ങൾ എന്നിവയെക്കുറിച്ച അറിയുന്നു (36).
2) കണ്ടെത്തൽ പ്രവർത്തനങ്ങളിൽ ഏർപ്പെടാനും അനുഭവത്തിന്റെ പിൻബലത്തിൽ നിഗമനങ്ങൾ അവതരിപ്പിക്കാനും കഴിയുന്നു (31).

**ആശയം** : ആരോഗ്യത്തിന് ശുചിത്വശീലങ്ങൾ വളരെ പ്രധാനമാണ്.

**സാമഗ്രി** : ക്രയോൺസ്

**സന്ദർഭം** : ആരോഗ്യശീലങ്ങൾ സംബന്ധിച്ച ചർച്ച

**പ്രക്രിയ** :

- കളി : ഛേ, ഛേ, ഛേ...കളി

ടീച്ചർ ഓരോ കാര്യം പറയും. ശരിയല്ലാത്ത കാര്യം കേട്ടാൽ ഛേ ഛേ എന്നു പറയണം. (കാര്യങ്ങൾ വേഗത്തിൽ പറയണം തെറ്റായി ഛേ ഛേ വെക്കരുത്)

- രാവിലെ കുളിച്ചു.
- പല്ലു തേയ്ക്കാത ദോശതിന്നു. (ഛേ, ഛേ)
- ദോശ തിന്നിട്ടു പല്ലു തേച്ചു. (ഛേ, ഛേ)
- കൈകൾ സോപ്പിട്ടുകഴുകി.
- തറയിൽ വീണ ഭക്ഷണം തുടച്ചു തിന്നു (ഛേ ഛേ)
- പാത്രം കഴുകി.
- കഴുകാത്ത പാത്രത്തിൽ ചോറുവിളമ്പി (ഛേ, ഛേ)
- നഖം വെട്ടി.
- കുളിക്കാതെ സ്കൂളിൽ പോയി (ഛേ, ഛേ)

ചർച്ച : തുടർന്ന് മൈമിംഗ്. രാവിലെ ഉണർന്നെഴുന്നേൽക്കുന്നതു മുതൽ സ്കൂളിൽ പോകുന്നതു വരെയുള്ള പ്രധാന സംഭവങ്ങൾ.

- വർക്ക്ഷീറ്റ് 8.3 ‘ആരാണ് ശരി’ നൽകുന്നു.
  – ചിത്രത്തിൽ കാണുന്ന പ്രവൃത്തികളെക്കുറിച്ച് സംസാരിക്കുന്നു.
- ചിത്രവായന
  – മുകളിലെ ചിത്രവും താഴെയുള്ള ചിത്രവും തമ്മിൽ എന്തെങ്കിലും വ്യത്യാസമുണ്ടോ?
  – എന്താണ് വ്യത്യാസം?

- ഏത് ചിത്രത്തിലെ കുട്ടിയാണ് ശരിയായ ആരോഗ്യശീലങ്ങൾ പാലിക്കുന്നത്?
- ആ ചിത്രം കണ്ടെത്തി വലതുവശത്തെ കോളത്തിൽ ഇഷ്ടമുള്ള നിറം നൽകൂ.

**വിലയിരുത്തൽ** : ശരിയായ ആരോഗ്യശീലം പാലിക്കുന്ന ചിത്രം തിരിച്ചറിഞ്ഞ് അടയാളപ്പെടുത്തിയിട്ടുണ്ട്.

# തീം 9 പൂക്കൾ, പൂന്തോട്ടം, ശലഭങ്ങൾ

പാട്ട്, അഭിനയഗാനം എന്നീസങ്കേതങ്ങളുമായി ചേർത്താണ് ഇവിടെ വർക്ക്ഷീറ്റ് അവതരിപ്പിക്കുന്നത്. ലയിച്ചു പാടിയ ശേഷം ആ അനുഭവത്തിന്റെ തുടർച്ചയായി വർക്ക്ഷീറ്റ് പൂർത്തിയാക്കുകയാണ് വേണ്ടത്. വർക്ക് ഷീറ്റിനെ വിലയിരുത്തി ശേഷി വികാസം രേഖപ്പെടുത്താനാകണം. പല വികാസമേഖലകളിലായി ഇതിനോടകം പരിഗണിച്ച എല്ലാ വർക്ക്ഷീറ്റ് സാധ്യതകളും ഇതര പ്രവർത്തനങ്ങളും കണക്കിലെടുത്താകണം പോർട്ട് ഫോളിയോ. പോർട്ട് ഫോളിയോയിലെ വർക്ക് ഷീറ്റുകളുടെ പുറത്ത് അധ്യാപികയ്ക്ക് പ്രചോദനാത്മകമായ വിലയിരുത്തൽ കുറിപ്പുകൾ എഴുതാം.

## പ്രവർത്തനക്രമം

1. പൂക്കളെക്കുറിച്ചുള്ള അഭിനയഗാനം
↓
2. ആഖ്യാനം+വർക്ക്ഷീറ്റ് 9.1 നിറം കൊടുക്കാം ഭംഗിയാക്കാം നൽകൽ
↓
3. പ്രകൃതി നടത്തം (പൂക്കൾ, പൂമ്പാറ്റകൾ നിരീക്ഷിയ്ക്കൽ)
↓
4. പൂമ്പാറ്റകളുടെ കട്ടൗട്ടുകൾ പ്രദർശനം
↓
5. പൂമ്പാറ്റയെക്കുറിച്ച് പാടൽ
↓
6. വർക്ക്ഷീറ്റ് 9.2 പൂമ്പാറ്റയെ വരയ്ക്കാം നൽകൽ.
↓
7. ആഖ്യാനം (പൂമ്പാറ്റ പൂക്കളിൽ ചെന്നിരിക്കുന്നു. മണമുള്ളതും, ഇല്ലാത്തതും)
↓
8. പാട്ട്, വർക്ക്ഷീറ്റ് 9.3 ചിത്രം പൂർത്തിയാക്കാം നിറം നൽകൽ.
↓
9. പൂക്കൾ, പൂമ്പാറ്റകൾ തുടങ്ങിയവുമായി ബന്ധപ്പെട്ട പാട്ടുകളുടെ ആഡിയോ, വീഡിയോയുടെ സഹായത്തോടെ കേൾപ്പിക്കൽ.
↓
10. അഭിനയിച്ചുപാടൽ.

## വർക്ക്ഷീറ്റ്-9.1 നിറം കൊടുക്കാം, ഭംഗിയാക്കാം.

**വികാസ മേഖലകൾ** :
- വൈജ്ഞാനിക വികാസം
- ഭാഷാവികാസം
- സർഗ്ഗാത്മക-സൗന്ദര്യാത്മക വികാസം

**ശേഷികൾ** :
1) ചിത്രങ്ങൾ, വസ്തുക്കൾ, പ്രകൃതി എന്നിവ കണ്ട് ആശയങ്ങൾ പറയാൻ കഴിയുന്നു (14).
2) പഞ്ചേന്ദ്രിയങ്ങൾ പ്രയോജനപ്പെടുത്തി വസ്തുക്കൾ നിരീക്ഷിച്ച് പ്രത്യേകതകൾ കണ്ടെത്താനും വാചികമായി അവതരിപ്പിക്കാനും കഴിയുന്നു (30).
3) ഭാവം ഉൾക്കൊണ്ട് പാട്ടുകൾ അവതരിപ്പിക്കാൻ കഴിയുന്നു (17). (ശബ്ദവ്യതിയാനം, ആംഗ്യം, താളം, ഈണം, ചലനം)

**ആശയങ്ങൾ** :
- പൂക്കൾ പല നിറത്തിലുണ്ട്.
- പൂക്കളിൽ പൂമ്പാറ്റകൾ വരുന്നു.

**സാമഗ്രികൾ** : ക്രയോൺസ്

**സന്ദർഭം** : പൂന്തോട്ടസന്ദർശനത്തിനു ശേഷം

പ്രക്രിയ
- ചർച്ച
- പാട്ട്

- സാൻഡ്ട്രേയിൽ പൂന്തോട്ടം ഒരുക്കിയത്/പൂന്തോട്ടത്തിന്റെ ചിത്രം കാണിക്കുന്നു.
- പൂവുകൾ, നിറങ്ങൾ, പൂമ്പാറ്റ ഇവയെക്കുറിച്ച് ചർച്ച.

- പൂക്കളെക്കുറിച്ചുള്ള പാട്ട് ടീച്ചറും കുട്ടികളും ചേർന്ന് അവതരിപ്പിക്കുന്നു.

പൂക്കൾ ഞങ്ങൾ പൂക്കൾ
ഞങ്ങൾ റോസാപൂക്കൾ
ചുവന്ന റോസാ പൂക്കൾ
പൂക്കൾ ഞങ്ങൾ പൂക്കൾ
പൂക്കൾ ഞങ്ങൾ പൂക്കൾ
നല്ല നല്ല പൂക്കൾ
പല തരത്തിൽ പൂക്കൾ
നറുമണത്തിൽ പൂക്കൾ

വർക്ക്ഷീറ്റ് 9.1 നിറം കൊടുക്കാം ഭംഗിയാക്കാം നൽകുന്നു.

- ചിത്രത്തിലെ ഒരാളെക്കുറിച്ചൊരു പാട്ടുപാടാം. ആരാണെന്ന് പറയാമോ?
- 'പൂക്കാരൻ' എന്ന പാട്ടുപാടുന്നു. (കളിപ്പാട്ടം പേജ് 207)

ചിത്രവായന

- പൂമ്പാറ്റയ്ക്ക് നിറം കൊടുക്കൽ.
- ഇനിയാരാണ് പൂന്തോട്ടത്തിലുള്ളത്? തുമ്പിക്ക് നിറം കൊടുക്കൽ
- വേറെ ആരെല്ലാമുണ്ടാകും?
- നിറം നൽകുന്നു.
- കുട്ടികൾ കണ്ട പൂന്തോട്ടത്തെപ്പറ്റിപറയൽ.

## വിലയിരുത്തൽ

- താളാത്മകമായി പാടാൻ കഴിയുന്നുണ്ട്.
- യോജിച്ച നിറം നൽകിയിട്ടുണ്ട്.
- പൂന്തോട്ടത്തിലെ ജീവികളെ തിരിച്ചറിയാൻ കഴിയുന്നുണ്ട്.

## വർക്ക്ഷീറ്റ് -9.2 പൂമ്പാറ്റയെ വരയ്ക്കാം

**വികാസ മേഖലകൾ** :
- ഭാഷാവികാസം
- ശാരീരിക ചാലക വികാസം

**ശേഷികൾ** :
1) വസ്തുക്കളുടെ ചിത്രങ്ങൾ നിരീക്ഷിച്ച് വിശദാംശങ്ങളും കണ്ടെത്തലുകളും അവതരിപ്പിക്കാൻ കഴിയുന്നു (21).
2) പ്രാഗ് ലേഖന പ്രവർത്തനങ്ങളിൽ ഏർപ്പെടാനാവുന്നു (13).

**ആശയം** : പൂക്കളിൽ പൂമ്പാറ്റകൾ വരുന്നു.

**സാമഗ്രികൾ** : പാട്ടുകൾ, പൂമ്പാറ്റയുടെ കട്ടൗട്ടുകൾ

**സന്ദർഭം** :
- പൂന്തോട്ടം, പൂമ്പാറ്റ ഇവയെ കാണാൻ പോകൽ (ഫീൽഡ് ട്രിപ്പ്)
- ചിറകുകളുടെ എണ്ണം, നിറം ഇവ പറയൽ.

**പ്രക്രിയ**
- ടീച്ചർ പലതരം പൂമ്പാറ്റകളുടെ കട്ടൗട്ടുകൾ പ്രദർശിപ്പിക്കുന്നു.

**പാട്ട്**

"പൂവുകൾ തേടും പൂമ്പാറ്റ
പൂന്തേനുണ്ണും പൂമ്പാറ്റ...
പൂമ്പൊടി പൂശും പൂമ്പാറ്റ...
പൂന്തേനുണ്ണും പൂമ്പാറ്റ...."

- കൂട്ടമായി പാടുന്നു.

- വർക്ക്ഷീറ്റ് 9.2 'പൂമ്പാറ്റയെ വരയ്ക്കാം' നൽകുന്നു,
  - പൂമ്പാറ്റയുടെ ചിത്രം പൂർത്തിയാക്കൽ. നിറം നൽകുന്നു.
  - പൂമ്പാറ്റയെക്കുറിച്ച് പറയൽ
    * വലിയ പൂമ്പാറ്റ
    * പലനിറം
    * പാറി നടക്കും
    * കാണാൻ നല്ല ചന്തം

- കുട്ടികളെക്കൊണ്ട് പറയിക്കാം
- പൂമ്പാറ്റച്ചിത്രങ്ങളുടെ പ്രദർശനം

## വിലയിരുത്തൽ

- സവിശേഷതകൾ പറയുന്നു.
- കുത്തുകളിലൂടെ വരച്ച് ചിത്രം പൂർത്തിയാക്കാനും നിറം നൽകാനും കഴിയുന്നു.

## വർക്ക്ഷീറ്റ് - 9.3 ചിത്രം പൂർത്തിയാക്കാം, നിറം നൽകാം.

**വികാസ മേഖലകൾ** :
- വൈജ്ഞാനിക വികാസം
- ശാരീരിക ചാലക വികാസം

**ശേഷികൾ** :
1) ചിത്രങ്ങൾക്ക് നിറം നൽകാൻ കഴിയുന്നു (5).
2) ഗണിതപ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയുന്നു (46).
3) പ്രാഗ് ലേഖന പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ കഴിയുന്നു (14).

**ആശയം** : പൂക്കളിൽ പൂമ്പാറ്റകൾ വരുന്നു.

**സാമഗ്രികൾ** : ക്രയോൺസ്

**സന്ദർഭം** : പൂക്കളുടെ പേര് പറയൽ കളി
* വട്ടത്തിൽ നിൽക്കുന്നു.
* ഓരോരുത്തരായി പൂവിന്റെ പേര് പറയണം.

**പ്രക്രിയ** :

• ആഖ്യാനം : പൂന്തോട്ടക്കാരന്റെ കഥ അവതരണം

ഒരിടത്ത് ഒരു പൂന്തോട്ടക്കാരനുണ്ടായിരുന്നു, അയാൾ ധാരാളം ചെടികൾ നട്ടുവളർത്തി. ചെടികൾ പൂക്കുന്നതും കാത്തിരിപ്പാണ് അയാൾ. പൂക്കളെല്ലാം ചന്തയിൽ കൊണ്ടുപോയി വിൽക്കണം. ഇതായിരുന്നു അയാളുടെ ആഗ്രഹം. അയാളുടെ വിചാരം ചെടികൾക്ക് മനസിലായി. ഒരു ദിവസം തോട്ടക്കാരൻ ചെന്നപ്പോൾ നല്ല മണം. പൂമ്പാറ്റകൾ പാറിക്കളിക്കുന്നു. പക്ഷേ പൂക്കളൊന്നും കാണാനില്ല. പൂന്തേൻ കുടിക്കാൻ കിളികളെത്തുന്നുണ്ട്. തോട്ടക്കാരന് മാത്രം പൂക്കൾ കാണാനാകുന്നില്ല. പൂക്കൾ ഒരു വിദ്യ ചെയ്തതാണ്. തോട്ടക്കാരനു മാത്രം കാണാൻ പറ്റാത്തവിധത്തിലാണ് അവ പൂത്തത്. തോട്ടക്കാരൻ പറഞ്ഞു. ഞാൻ പൂ പറിക്കില്ല. ചന്തയിൽ കൊണ്ടുപോകില്ല. സത്യമാണോ? കിളികൾ ചോദിച്ചു. സത്യം. സത്യമാണോ പൂമ്പാറ്റകൾ ചോദിച്ചു. സത്യം. സത്യമാണോ? "അതാരാണ് ചോദിച്ചത്?" ആരാ? ചെടികൾ. "സത്യം" തോട്ടക്കാരൻ പറഞ്ഞു. "എന്നാൽ കണ്ണടയ്ക്ക്". തോട്ടക്കാരൻ കണ്ണടച്ചു. "തുറക്ക്". തോട്ടക്കാരൻ കണ്ണുതുറന്നു. ''ഹായ്! നിറയെ പൂക്കൾ". തോട്ടത്തിലെ പൂക്കളോരോന്നായി തെളിഞ്ഞു തെളിഞ്ഞു വന്നു. നിങ്ങൾക്ക് ആ പൂക്കൾ മറഞ്ഞിരിക്കുന്നത് കാണണ്ടേ? വർക് ഷീറ്റ് നൽകാം. നിറം കൊടുത്ത് പൂക്കളെ തെളിയിച്ചെടുക്കൂ.

വർക്ക്ഷീറ്റ് 9.4 'ചിത്രം പൂർത്തിയാക്കാം, നിറം നൽകാം' നൽകുന്നു.

- കുത്തുകളിലൂടെ വരച്ച് പൂക്കളുടെ ചിത്രം പൂർത്തിയാക്കുന്നു.
- പൂന്തോട്ടത്തിനും പൂമ്പാറ്റകൾക്കും നിറം നൽകുന്നു.
- പൂക്കളോ പൂമ്പാറ്റകളോ കൂടുതൽ?
- കൂടുതലുള്ളതിന് ശരിയിടൂ.

## വിലയിരുത്തൽ :

- കളത്തിനുള്ളിൽ മാത്രം നിറം കൊടുത്തിട്ടുണ്ട്.
- കൂടുതലുള്ള ഏതുനിറം പൂക്കളാണെന്ന് കണ്ടെത്തിയിട്ടുണ്ട്.

# തീം 10 ഓണം, റംസാൻ

പൂക്കളമൊരുക്കാനും അഭിനയിക്കാനും കുട്ടികൾക്കിഷ്ടമാണ്. മുഖം മൂടി വെച്ചുള്ള അഭിനയമാണെങ്കിൽ അതു പറയുകയും വേണ്ട. മാവേലിയുടെ മുഖം മൂടി വെച്ച് ഡും ഡും താളമിട്ട് പാടി രസിച്ച ശേഷം ആഖ്യാന ത്തിന്റെ ഭാഗമായി വർക്ക്ഷീറ്റ് നൽകുകയാണ് വേണ്ടത്.

## പ്രവർത്തന ക്രമം

1. സ്വതന്ത്രകളികളിൽ ഏർപ്പെടൽ (ഊഞ്ഞാലാട്ടം പന്തുകളി)

   ↓
2. ഓണപ്പാട്ടുകൾ പാടൽ

   ↓
3. ആഖ്യാനം വർക്ക്ഷീറ്റ് 10.1 പൂക്കളത്തിന് നിറം കൊടുക്കാം നൽകൽ

   ↓
4. ആഖ്യാനം, വർക്ക്ഷീറ്റ് 10.2 വ്യത്യാസം കണ്ടെത്തിപ്പറയാം നൽകൽ.

   ↓
5. കഥാഗാനങ്ങൾ/സംഭാഷണ ഗാനങ്ങൾ കേൾക്കൽ. ഓഡിയോ/ വീഡിയോ

   ↓
6. വർക്ക്ഷീറ്റ് 10.3 മൈലാഞ്ചി എഴുതാം നൽകൽ

## വർക്ക്ഷീറ്റ് - 10.1 പൂക്കളത്തിന് നിറം കൊടുക്കാം

**വികാസ മേഖലകൾ** :
- ശാരീരികചാലക വികാസം
- സർഗ്ഗാത്മക-സൗന്ദര്യാത്മക വികാസം

**ശേഷികൾ** :
1) സ്വതന്ത്രമായി ചിത്രങ്ങൾ വരച്ച് നിറം നൽകാൻ കഴിയുന്നു (5).
2) പ്രകൃതിയെ ആസ്വദിക്കാനും ചിത്രത്തി ലൂടെ പ്രകടിപ്പിക്കാനും നിറം നൽകാനും കഴിയുന്നു (79).

**ആശയങ്ങൾ** :
- ഓണം, പെരുന്നാൾ തുടങ്ങി പലതരം ആഘോഷങ്ങളുണ്ട്.
- ഓരോന്നിനും അതിന്റേതായ പ്രത്യേക തകൾ ഉണ്ട്.

**സാമഗ്രികൾ** : ക്രയോൺസ്

**സന്ദർഭം** : ഓണവുമായി ബന്ധപ്പെട്ട അനുഭവങ്ങൾ പറയൽ

**പ്രക്രിയ**

- **ആഖ്യാനം** : പൂക്കളുടെ സമ്മേളനം പൂക്കളെല്ലാം പല വീടുകളിലാണ് താമസം. കാറ്റടി ക്കുമ്പോൾ പല വിധ മണങ്ങൾ വരും . അങ്ങനെ മാത്രമാണ് പൂക്കൾ പരസ്പരം അറിഞ്ഞിരുന്നത്. ചിലപ്പോൾ കുട്ടികൾ മാലകോർത്തും തലയിൽ ചൂടിയും ചില പ്പൂക്കളെ ഒരുമിച്ചു ചേർക്കാറുണ്ട്. പര സ്പരം കാണാൻ പൂക്കൾക്ക് വല്ലാത്ത

ആഗ്രഹം. അവർ കാറ്റിനോട് കാര്യം പറഞ്ഞു. കാറ്റ് ഒരു പൂക്കൂടയുമായി പൂക്കളായ പൂക്കളെയൊക്കെ മെല്ലെയെടുത്ത് ഒരിടത്തു കൊണ്ട് കൂട്ടിവെച്ചു. അയ്യോ ഞങ്ങൾക്ക് പരസ്പരം കാണാൻ പറ്റുന്നില്ലേ, എനിക്ക് ശ്വാസം മുട്ടുന്നേ, എന്നൊക്കെ പൂക്കൾ ആവലാതി പറഞ്ഞു. കാറ്റ് വട്ടം വട്ടം വീശി. പൂക്കളെ വട്ടത്തിലാക്കി. ഓരോരോ തട്ടുകളിലായി അവയെ ഇരുത്തി. ഇപ്പോൾ അവർക്ക് എല്ലാവരെയും കാണാം. പൂക്കൾക്ക് സന്തോഷമായി. ഈ സമയം അതു വഴി വന്ന കുട്ടികൾ ആ മോനഹരമായ കാഴ്ച കണ്ടു. അവർ നാട്ടുകാരെ വിളിച്ചു കാണിച്ചു. പൂക്കളുടെ ആഗ്രഹം സാധിക്കാനായി കുട്ടികളും നാട്ടുകാരും വീടായ വീടുകളിലൊക്കെ പൂക്കളം ഇട്ടു. പൂക്കളം മനോഹരമാക്കൂ. വർക്ക് ഷീറ്റ് നൽകുന്നു.

വർക്ക്ഷീറ്റ് 10.1 'പൂക്കളത്തിന് നിറം നൽകാം' നൽകുന്നു.

- ചിത്രത്തിൽ കാണുന്നതു പറയുന്നു.
- പൂക്കളത്തിൽ നിറം നൽകുന്നു.
- പൂക്കളം പ്രദർശിപ്പിക്കുന്നു.

## വിലയിരുത്തൽ :

- സൂക്ഷ്മമായി നിറം നൽകാൻ കഴിയുന്നുണ്ട്
- ചിത്രത്തിന്റെ ആകർഷകത്വം

## വർക്ക്ഷീറ്റ് - 10.2 വ്യത്യാസം കണ്ടെത്തി പറയാം

**വികാസ മേഖലകൾ** :
- ശാരീരികചാലകവികാസം
- വൈജ്ഞാനിക വികാസം

**ശേഷികൾ** :
1) വസ്തുക്കൾ/ചിത്രങ്ങൾ നിരീക്ഷിച്ച് വ്യത്യാസങ്ങൾ വേർതിരിച്ചു കണ്ടെത്തി പറയാൻ കഴിയുന്നു (33)
2) സ്വതന്ത്രമായി നിറം നൽകാൻ കഴിയുന്നു (5).

**ആശയം** : ഓണം, പെരുന്നാൾ തുടങ്ങി പലതരം ആഘോഷങ്ങളുണ്ട്. ഓരോന്നിനും അതിന്റേതായ പ്രത്യേകതകൾ ഉണ്ട്.

**സാമഗ്രികൾ** : ക്രോയൺസ്

**സന്ദർഭം** : ഓണവുമായി ബന്ധപ്പെട്ട പാട്ട് കുട്ടികളും ടീച്ചറും ചേർന്നു പാടി അവതരിപ്പിക്കുന്നു.

**പ്രക്രിയ**

- **ആഖ്യാനം** : മഴ മാറി പൂക്കൾ വിടർന്നു. പൂനിലാവ് പരന്നു ഓണക്കാലമായി. കുട്ടികൾക്കുത്സാഹമായി. ഊഞ്ഞാലിട്ടു. ഉപ്പേരിതിന്നു. പന്തുകളിച്ചു. പാട്ടുപാടി. മാമന്മാർ മാവേലി വേഷം കെട്ടി. ചെണ്ടയടിച്ചു റോഡിലൂടെ നടന്നു. 'ഡും ഡും ഡും ഡും' ഈ സമയത്താണ് യഥാർത്ഥ മാവേലി നാടു കാണാൻ വന്നത്. മാവേലി വന്നപ്പോൾ അതാ മറ്റൊരു മാവേലി!

മാവേലി എതിരേ വന്ന മാവേലിയുടെ മുന്നിൽ നിന്നു.
രണ്ടുപേരും പരസ്പരം നോക്കി. ചെണ്ട കൊട്ടുകാർ കൊട്ടുകൂട്ടി "ഡും ഡും ഡുണ്ടടഡും ഡുണ്ടക്കം ഡുണ്ടക്കം ഡുണ്ടട ഡും" (അഭിനയം) മാവേലി യോട് എതിരേ വന്ന മാവേലി ചോദിച്ചു 'ആരാ' "എവിടുന്നാ വരുന്നേ?" "ഞാൻ മാവേലി, പാതാളത്തീന്ന് വരുകയാ. നീയാരാ?"
മാവേലി എതിരേ വന്ന മാവേലിയോടു ചോദിച്ചു
'ഞാൻ കൊച്ചുരാമനാ, വീട്ടീന്ന് വരു കയാ' മാവേലി പൊട്ടിച്ചിരിച്ചു.
കൊച്ചുരാമനും പൊട്ടിച്ചിരിച്ചു.
കുട്ടികൾ പൊട്ടിച്ചിരിച്ചു. രണ്ടുപേരും ഒരു പോലിരിക്കുന്നു. അവർ പരസ്പരം പറ ഞ്ഞു. ഇത്തിരി വ്യത്യാസമുണ്ട് കണ്ടെ ത്താമോ?

- വർക്ക്ഷീറ്റ് 10.2 'വ്യത്യാസം കണ്ടെത്തി പറയാം' നൽകുന്നു.
  - വർക്ക്ഷീറ്റ് വിതരണം ചെയ്യുന്നു.
- ചിത്രവായന
  - ചിത്രത്തിൽ കാണുന്നതു പറയുന്നു.
  - മാവേലി എവിടെയാണ് നിൽക്കുന്നത്?
  - മാവേലിയുടെ കൈയിൽ എന്താണു ള്ളത്?
  - ഒന്നാമത്തെ ചിത്രവും രണ്ടാമത്തെ ചിത്രവും ഒരുപോലെയാണോ?
  - എന്തൊക്കെ വ്യത്യാസങ്ങളാണുള്ളത്?
  - ചിത്രത്തിൽ നിറം നൽകി പ്രദർശിപ്പിക്കു ന്നു.

## വിലയിരുത്തൽ :

- ചിത്രത്തിൽ കാണുന്നതു പറയാൻ കഴി യുന്നുണ്ട്.
- വ്യത്യാസങ്ങൾ കണ്ടെത്തി പറയാൻ കഴി യുന്നുണ്ട്.
- നിറം നൽകിയതിലെ സൂക്ഷ്മത.

## വർക്ക്ഷീറ്റ് - 10.3 മൈലാഞ്ചി എഴുതാം

**വികാസ മേഖലകൾ** :
- വൈജ്ഞാനിക വികാസം
- ശാരീരിക ചാലക വികാസം

**ശേഷി** : സ്വതന്ത്രമായി ചിത്രങ്ങൾക്ക് നിറം നൽകാൻ കഴിയുന്നു (05).

**ആശയങ്ങൾ** :
- ഓണം, പെരുന്നാൾ (റംസാൻ) തുടങ്ങി പലതരം ആഘോഷങ്ങളുണ്ട്.
- ഓരോന്നിനും അതിന്റേതായ പ്രത്യേ കതകളുണ്ട്.

**സാമഗ്രികൾ** : മൈലാഞ്ചി, ക്രയോൺസ്

**സന്ദർഭം** : ആഘോഷങ്ങളുമായി ബന്ധപ്പെട്ട അനു ഭവങ്ങൾ പറയൽ.

**പ്രക്രിയ** :

- "മൈലാഞ്ചിത്തോപ്പിലെ പൂമ്പാറ്റേ
  കരിവളക്കൈകളിൽ നീ കണ്ടോ
  പുതുപുത്തൻ മൈലാഞ്ചി
  ചേലിൽ തിളങ്ങും മൈലാഞ്ചി
  മൈലാഞ്ചിത്തോപ്പിലേ പൂമ്പാറ്റേ
  മുത്തുവളക്കൈകളിൽ നീ കണ്ടോ

പുതുപുത്തൻ മൈലാഞ്ചീ
ചേലിൽ തിളങ്ങും മൈലാഞ്ചീ"
പാട്ടു പാടുന്നു. മൈലാഞ്ചി എഴുതിയ അനുഭവമുള്ളവരെക്കൊണ്ട് പറയിക്കുന്നു.

- വർക്ക്ഷീറ്റ് 10.3 മൈലാഞ്ചി എഴുതാം നൽകുന്നു. എല്ലാവരും ചിത്രം നോക്കി അവരവരുടേതായ രീതിയിൽ വരയ്ക്കുന്നു

തുടർന്ന് പാട്ട് വീണ്ടും പാടണം
മൈലാഞ്ചി എഴുതിക്കൊടുക്കുകയും വേണം.

മൈലാഞ്ചിയിട്ട കൈകളുടെ ചിത്രം നോക്കി സംഭാഷണം. നടത്തുന്നു.

കൈയുടെ കട്ടൗട്ട് നൽകുന്നു/കുട്ടികളുടെ കൈകൾ പേപ്പറിൽ വെച്ച് ഔട്ട് ലൈൻ വരച്ച് നൽകുന്നു. അതിനുള്ളിൽ അവർക്കിഷ്ടപ്പെട്ട രീതിയിൽ മൈലാഞ്ചിച്ചിത്രങ്ങൾ വരയ്ക്കട്ടെ.

## വിലയിരുത്തൽ :

- ചിത്രത്തിലെ വസ്തുക്കൾ കൂടുതലുള്ളത് കണ്ടെത്തി വട്ടം വച്ചിട്ടുണ്ട്.
- അനുയോജ്യമായ നിറം നൽകിയിട്ടുണ്ട്.
- നിറം നൽകിയതിലെ മികവ്.